പൂവും ചപ്പുകൂനയും

## പുസ്തകം വിളമ്പുന്ന ചായക്കട

നെൽവയലിലെ കന്നി അയ്യപ്പൻമാർ

കൃഷിവകുപ്പ് എത്ര രാമൻമാരെ,
എത്ര നെൽവിത്തിനെ ഇല്ലായ്മ ചെയ്തിട്ടുണ്ട്?

മിൽമയെ തടയിടണം

## നിത്യജീവിതത്തിലെ രാഷ്ട്രീയം

വർത്തമാനം പറച്ചിലുകൾ

കാർണിവൽ നിർമ്മിക്കുന്ന മനുഷ്യൻ

മാലിന്യസംസ്കരണത്തന്റെ
വേറിട്ട വഴികൾ

## ആണവസ്നേഹമാണോ രാജ്യസ്നേഹം?

ജിതേന്ദ്ര നാലവഡെ

ജനാലവഴികൾ

2013 മെയ്
145

# ലിറ്റിൽ മാസിക



ലിറ്റിൽ മാസിക

2013 മെയ്


**145**

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com


*എത്ര പതുക്കെ പോകുന്നു എന്നതല്ല നടത്തം നിർത്തുന്നില്ല എന്നതു തന്നെയാണ് പ്രസക്തമായിരിക്കുന്നത്*
*-കൺഫ്യൂഷസ്*

1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.

*ലിറ്റിൽ മാസിക,ചുങ്കത്തറ പി.ഒ, മലപ്പുറം-679334*



പ്രൈമറി ക്ലാസിലെ കുട്ടികളുടെ കലാപരിപാടിക്ക് വേണ്ടി നടന്മാരെ കണ്ടെത്തുന്ന ദിവസമായിരുന്നു അത്. കുഞ്ഞ് അമ്മയോട് തനിക്കും പങ്കെടുക്കണമെന്നുണ്ടന്ന് പറഞ്ഞു. അവൻ തെരഞ്ഞെടുക്കപ്പെടില്ല എന്ന് ആ അമ്മയ്ക്കറിയാമായിരുന്നു. തന്റെ സാധാരണക്കാരനായ കുഞ്ഞിന് അത്തരം അനുഭവങ്ങൾ താങ്ങാൻ കഴിയുമോ എന്നായിരുന്നു അമ്മയുടെ ആശങ്ക. എന്നാൽ പൊട്ടിച്ചിരിയോടെയാണ് കുട്ടി വൈകിട്ട് മടങ്ങിയെത്തിയത് .''അമ്മേ ടീച്ചർ എന്നെ തെരഞ്ഞെടുത്തു.ഓരോ രംഗവും തീരുമ്പോൾ ഉറക്കെ കൈകൊട്ടുകയാണ് എന്റെ ജോലി. ഇത്രയും നല്ലതായി ആരും കൈകൊട്ടിയിട്ടില്ല എന്ന് ടീച്ചർ പറഞ്ഞു.'' അവൻ ആഹ്ലാദത്തോടെ പറഞ്ഞപ്പോൾ ആ അമ്മയുടെ കണ്ണു നിറഞ്ഞു.



*ജീവിക്കാനുള്ള ശേഷി പഠിക്കാൻ ലോക്കൽ ട്രെയിനും സാധാരണ സ്കൂളും തന്നെയാണ് ഏറ്റവും നല്ല പാഠശാല*- ജിതേന്ദ്ര നാലവഡെ

അമ്മാവന്റെ വീട്ടിൽ നിന്ന് അപമാനിതനായി ഇറങ്ങിയതാണ് ജിതേന്ദ്ര നാലവഡെ എന്ന പതിനേഴുകാരൻ. അറിയാവുന്ന തൊഴിൽ അമ്മാവനൊപ്പം നിന്ന കാലത്തു പഠിച്ച പത്രവിതരണം. കാറുകളും വീടുകളും കഴുകിയും പത്രം വിതരണം ചെയ്തും 25 വർഷങ്ങൾ. ഇപ്പോൾ ജിതേന്ദ്ര 25 കോടി വിറ്റുവരവുള്ള സ്ഥാപനത്തിന്റെ ഉടമയാണ്.

മുംബയിലെ ദാദറിൽ ആ കടത്തിണ്ണയിലിപ്പോഴും നാലവഡെയുണ്ട്. രാവിലെ പത്തോടെ തുറക്കുന്ന ബാഗ് കടയ്ക്കുമുന്നിൽ പത്രങ്ങളും മാസികകളുമായി പുലർച്ചെ മുതൽ ഇരിക്കുന്ന ആ പത്രക്കാരനിൽ നിന്ന് യാത്രക്കാരും മറ്റും പത്രങ്ങൾ വാങ്ങും. ഓരോ പത്രവും വിൽക്കും. ഇരുപത്തഞ്ചിലേറെ വർഷമായി തുടരുന്ന പതിവാണിത്.

ദാദറിൽ പത്രവിതരണത്തിനായി നാലവഡെ ചാരിയിരിക്കുന്ന തടിപ്പലക തേഞ്ഞുണ്ടായ പാടിന് ആഴം കൂടുകയാണ്. കാറുകളുണ്ടായിട്ടും ഇപ്പോഴും ലോക്കൽ ട്രെയിനിൽ യാത്ര ചെയ്യാൻ ഇഷ്ടപ്പെടുന്ന നാലവഡെ മക്കളെയും അതിനായി നിർബന്ധിക്കും. മുംബൈയിലെ ഏറ്റവും മികച്ച രാജ്യാന്തര സ്കൂളുകളിൽ അവരെ പഠിപ്പിക്കാൻ ശേഷിയുണ്ടായിട്ടും സാധാരണ സ്കൂളുകളിലാണ് അവരുടെ വിദ്യാഭ്യാസം. ജീവിക്കാനുള്ള ശേഷി പഠിക്കാൻ ലോക്കൽ ട്രെയിനും സാധാരണ സ്കൂളും തന്നെയാണ് ഏറ്റവും നല്ല പാഠശാല- തന്റെ ജീവിതം കാട്ടി ഈ ബിസിനസ്സുകാരൻ മക്കൾക്ക് പറഞ്ഞുകൊടുക്കുന്നു.

*-മലയാള മനോരമ*

## സൗരോർജ്ജം

*കേരളത്തേക്കാൾ 30% കുറച്ച് മാത്രം സൂര്യപ്രകാശം കിട്ടുന്ന ജർമ്മനിക്ക് 29,000 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുണ്ട്.*

തമിഴ്നാട് കാറ്റിൽ നിന്ന് 6970 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഗുജറാത്ത്, 600 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം അടുത്ത് പ്രവർത്തനസജ്ജമാക്കി. കേരളത്തേക്കാൾ 30% കുറച്ച് മാത്രം സൂര്യപ്രകാശം കിട്ടുന്ന ജർമ്മനിക്ക് 29,000 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുണ്ട്. കൂടാതെ 29,075 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങളും ഉണ്ട്. കടലിൽ കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് ശേഷി ഇരട്ടിപ്പിക്കാൻ അവർ ലക്ഷ്യമിടുന്നുമുണ്ട്. പത്തുവർഷം കൊണ്ട് എല്ലാ ആണവനിലയങ്ങളും അടച്ചുപൂട്ടും എന്ന് ധീരമായി പ്രഖ്യാപിക്കാൻ ജർമ്മനിക്ക് ആത്മവിശ്വാസം നൽകിയത് ജലവൈദ്യുത പദ്ധതികളല്ല, സൂര്യപ്രകാശവും കാറ്റുമാണ്. മറ്റൊരു യൂറോപ്യൻ രാജ്യമായ സ്പെയിനിൽ പ്രത്യേക തരം സോളാർ തെർമൽ പവർസ്റ്റേഷനുകൾ സ്ഥാപിച്ച് രാത്രിയിലും വൈദ്യുതി ഉൽപാദിപ്പിക്കുന്നു.

നമ്മുടെ അധികാരികൾ ഈ രംഗത്തെ വൻ സാധ്യതകൾ ഇപ്പോഴും തിരിച്ചറിയാതെ ജലവൈദ്യുത പദ്ധതികളുടെയും ആണവനിലയങ്ങളുടെയും പിന്നാലെയാണ്.


*(ശാസ്ത്രകേരളം 2013 ഫെബ്രുവരി എഡിറ്റോറിയലിൽ നിന്ന്)*

***Editorial*** *Editor:Biju John, Co-ordinating Editor:Abdullakkutty Edavanna.Team:Jayaprakash Nilambur,Chandrababu Trikkalangodu,Satheesh Chalippadam,P M John,Harris Nenmeni, ,Typing -Jaseela*

*ഒരാളുടെ സ്വഭാവത്തിലെ സത്യസന്ധതയും നിലപാടുകളിലെ സ്ഥൈര്യവും തിരിച്ചറിയാൻ അയാളുടെ ദൈനംദിന ജീവിതം പരിശോധിച്ചാൽ മതി. സാധന സേവനങ്ങളുടെ ഉപഭോഗം, തൊഴിൽ, ആരോഗ്യശീലം, മതകർമ്മങ്ങൾ, പരിസരം, പാർപ്പിടം, മാധ്യമസമ്പർക്കം, കൂട്ടുകെട്ട്, കലാപ്രവർത്തനം, കുടുംബം, ഭക്ഷണം, വസ്ത്രധാരണം, ശരീരഭാഷ എന്നുവേണ്ട വ്യക്തിപരമായി തീരുമാനം എടുക്കേണ്ട ചെറുതും വലുതുമായ എല്ലാ സാഹചര്യങ്ങളിലും തെളിയേണ്ടതാണ് രാഷ്ട്രീയമായ നമ്മുടെ നിലപാടുകൾ*
...പേജ് 12

"പല മടക്കുള്ളതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ കാര്യങ്ങളിലല്ല, ലളിതമായതിലേ എപ്പോഴും സത്യം കണ്ടെത്താനാവൂ."

**ഐസക് ന്യൂട്ടൺ**



# പൂവും ചപ്പുകൂനയും

*ഏറ്റവും മോശമായ മാലിന്യം ആണവാശിഷ്ടമാണ്. അതു പൂക്കളാകാൻ 2,50,000 വർഷങ്ങളെടുക്കുന്നു*

ഭൂമീ മാതാവിനെയും നമ്മളെയും നമ്മുടെ കുട്ടികളെയും രക്ഷിക്കണമെങ്കിൽ, ഓരോ കാര്യത്തിലും നാം ശ്രദ്ധ പരിശീലിക്കണം. ഉദാഹരണത്തിന് നാം നമ്മുടെ ചപ്പുകൂനയിൽ നോക്കുമ്പോൾ പച്ചച്ചീരയും വെള്ളരിയും തക്കാളിയും പൂക്കളും കാണാൻ നമുക്ക് സാധിക്കും. ഒരു പഴത്തൊലി നാം ചപ്പുകൂനയിലേക്ക് വലിച്ചെറിയുമ്പോൾ നാം ഒരു പഴത്തൊലിയാണ് എറിഞ്ഞുകളയുന്നതെന്നും വൈകാതെ അതൊരു പൂവോ സസ്യമോ ആയി രൂപാന്തരപ്പെടുമെന്നും നമുക്കറിയാം. ഇതുതന്നെയാണ് ധ്യാനത്തിന്റെ പരിശീലനം. ഒരു പ്ലാസ്റ്റിക് ബാഗാണ് നാം വലിച്ചെറിയുന്നതെങ്കിൽ, അതൊരു പൂവായിത്തീരാൻ ഒരുപാടു നാളെടുക്കും. ചപ്പുകൂനയിലേക്ക് ഒരു പ്ലാസ്റ്റിക് ബാഗ് ഇടുമ്പോൾ ഞാൻ ഒരു പ്ലാസ്റ്റിക് ബാഗ് ഇടുകയാണെന്നു ഞാനറിയുന്നു." ആ അവബോധം മാത്രമാണ് ഭൂമിയെ സംരക്ഷിക്കാനും സമാധാനം സൃഷ്ടിക്കാനും ഈ നിമിഷവും ഭാവിയിലും ജീവിതത്തെ കരുതാനും നമ്മെ സഹായിക്കുന്നത്. നമുക്ക് അവബോധമുണ്ടെങ്കിൽ നാം പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കുറയ്ക്കും. ഇതും ഒരു ശാന്തിയിലേക്കുള്ള പ്രവർത്തനമാണ്. അടിസ്ഥാനപരമായ ഒരുതരം ശാന്തിപ്രവർത്തനം.

ഉപയോഗത്തിനുശേഷം കളയാവുന്ന ഒരു പ്ലാസ്റ്റിക് ഡയപ്പർ ചപ്പുകൂനയിലിടുമ്പോൾ അതൊരു പൂവാകാൻ നാനൂറോ അതിലധികമോ വർഷം എടുക്കുമെന്നു നമുക്കറിയാം. ഇത്തരത്തിലുള്ള ഡയപ്പറുകൾ ഉപയോഗിക്കുന്നതു സമാധാനത്തിന്റെ ദിശയിലല്ലെന്ന് അറിയുന്നതിനാൽ, നമ്മുടെ കുഞ്ഞിന്റെ സംരക്ഷണത്തിനായി നാം മറ്റു വഴികൾ നോക്കുന്നു. ശ്വസനം പരിശീലിക്കുകയും നമ്മുടെ ശരീരത്തെയും വികാരങ്ങളെയും മനസ്സിനെയും മനസ്സിന്റെ ലക്ഷ്യങ്ങളെയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ഈ നിമിഷം നാം സമാധാനം പരിശീലിക്കുന്നു. ഇതാണു പൂർണ്ണബോധത്തോടുള്ള ജീവിക്കൽ.

ഏറ്റവും മോശമായ മാലിന്യം ആണവാശിഷ്ടമാണ്. അതു പൂക്കളാകാൻ 2,50,000 വർഷങ്ങളെടുക്കുന്നു. അമേരിക്കയിലെ അമ്പതിൽ നാൽപതു സംസ്ഥാനങ്ങളും ഇതിനോടകംതന്നെ ആണവാവശിഷ്ടങ്ങളാൽ മലിനപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നാം നമുക്കും അനേകം തലമുറ കുട്ടികൾക്കും ജീവിക്കാൻ അസാധ്യമായ ഒരു സ്ഥലമായി ഈ ഭൂമിയെ മാറ്റിക്കൊണ്ടിരിക്കുന്നു. ഈ നിമിഷം, വർത്തമാനകാലത്തിലെ ഈ നിമിഷം പൂർണ്ണബോധത്തോടെ ജീവിക്കുകയാണെങ്കിൽ എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും അറിയുകയും ശാന്തിയുടെ മാർഗ്ഗത്തിൽ കാര്യങ്ങൾ നീക്കുകയും ചെയ്യും.

*-തിയാങ് ഞ്യാച് ഹാൻ (ഓരോ ചുവടും ശാന്തി)*

*You are born with wings. Why prefer to crawl through life?*

*-Roomi*

കഥാധ്യാനം

## ജീവിതം

കടലിലേക്ക് ഒലിച്ചുപോയ ഒരു കുട്ടിയെ രക്ഷിക്കാൻ, ചതിക്കാൻ ഇടയുള്ള കൂറ്റൻ തിരമാലകൾ മുറിച്ച് ഒരാൾ കടലിലേക്ക് നീന്തി. അപകടം സംഭവിക്കാനുള്ള എല്ലാ സാധ്യതകളും അവഗണിച്ചാണ് അയാൾ നീന്തിയത്. ഭയാനകമായ അപകടാവസ്ഥയിൽ നിന്നും ഒടുവിൽ കുട്ടി രക്ഷപ്പെട്ടു. കുട്ടി അവനെ രക്ഷിച്ച മനുഷ്യനോട് പറഞ്ഞു: "എന്റെ ജീവൻ രക്ഷിച്ചതിനു നന്ദി." കുട്ടിയുടെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കിക്കൊണ്ട് അയാൾ പറഞ്ഞു: "കുട്ടീ... അതൊക്കെ ശരി. പക്ഷേ, നിന്റെ ജീവിതം രക്ഷിക്കപ്പെടാൻ അർഹതയുള്ളതാണെന്നു തെളിയിക്കേണ്ടതു നീ തന്നെയാണ്."

## *എഡിറ്റോറിയൽ നിലപാട്*

***ചെറുതെന്നും അപ്രസക്തമെന്നും കരുതാവുന്നവയിലൊക്കെ ഉള്ളടങ്ങിയ സൂക്ഷ്മ രാഷ്ട്രീയം അവഗണിക്കാവതല്ല. വലിയ അവസരങ്ങൾക്കായി കാത്തിരിക്കാതെ തൊട്ടുമുന്നിലെ ചെറിയ അവസരങ്ങളും സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിന് അൽപ്പം ജാഗ്രത മാത്രം മതി. അതിനാൽ ചെറിയ കാര്യങ്ങളിലെ ജാഗ്രതയും ഒരു തരത്തിലുള്ള രാഷ്ട്രീയ ഇടപെടൽ തന്നെയാണ്***


## *copy left*

*ഈ മാസികയിൽ പ്രസിദ്ധീകരിക്കുന്നവ രചയിതാവിന്റെ പേരും മാസികയുടെ പേരും സൂചിപ്പിച്ച് ആർക്കും ഉപയോഗിക്കാം.*

# ഈ ചായക്കടയിലേക്ക് വരൂ.. പാത്തുമ്മ യുടെ ആടും നെയ്പ്പായസവും രുചിക്കൂ...!

**ഹാരിസ് നെൻമേനി**

**ജീവിതമാർഗ്ഗമായ ചായക്കടയുടെ പകുതി ഇടവും വരുമാനത്തിന്റെ മുക്കാൽപങ്കും വായനശാലയ്ക്കായി നൽകിയ വയനാട്ടിലെ അഷറഫലിയെക്കുറിച്ച്..**

"രാഷ്ട്രീയം പറയരുത്". നമ്മുടെ നാട്ടിൻപുറങ്ങളിലെ ചായക്കടകളുടെ ചുമരിൻമേൽ എപ്പോഴും കോറിയിടപ്പെട്ടു കിടന്നിരുന്ന കരിക്കട്ടയടയാളമാണ് ഈ അറിയിപ്പുവാക്യം. ഇളകിയാടുന്ന പലകബഞ്ചിലും നാലുകാലുള്ള ഉപ്പിൻപെട്ടിയിലും പടിഞ്ഞിരുന്ന് നമ്മുടെ മുൻതലമുറ പുറത്തുവിട്ട ആലോചനകൾക്കും ഉരുവപ്പെടുത്തിയെടുത്ത പൊതുജനാഭിപ്രായത്തിനും കയ്യും കണക്കുമുണ്ടോ? കരിക്കട്ടകൾക്ക് പകരം ഫ്ളക്സ് ബോർഡുകൾ രംഗപ്രവേശം ചെയ്തുകഴിഞ്ഞെങ്കിലും കടയിലിരുന്നു രാഷ്ട്രീയ വൃത്താന്തങ്ങൾ പറയുന്ന ശീലത്തിന് മാറ്റമൊന്നും വന്നിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടത്. അതുപോലെ കടയുടമകൾക്കുള്ള മനോഭാവത്തിലും ഉണ്ടായിട്ടില്ല മാറ്റം. സംവാദവും വാഗ്വാദവും കൊഴുത്ത് കടയടപ്പിലേക്കെത്തുന്ന സംഘർഷമായി മാറുമോയെന്ന് അവർ എല്ലാകാലത്തും ഭയക്കുന്നു.

എന്നാൽ പരമ്പരാഗതക്കാരായ ഈ കടയുടമകളിൽ നിന്നും തികച്ചും വ്യത്യസ്തനാണ് ചായക്കടയിൽ വായനശാല- അല്ല വായനശാലയിൽ ചായക്കട നടത്തുന്ന അഷ്റഫ് അലി എന്ന നാൽപ്പത്തിരണ്ടുകാരൻ. കടയിലേക്ക് വരൂ, ചായക്കൊപ്പം രാഷ്ട്രീയവും സംസ്കാരവും രുചിക്കൂ എന്ന് ക്ഷണിക്കുകയാണ് ഇദ്ദേഹം.അതെ, ഇവിടെ രാഷ്ട്രീയവും സംസ്കാരവും മാത്രമല്ല. സൂര്യന് കീഴിലുള്ള എന്തും ചർച്ച ചെയ്യാവുന്ന, ആലോചിക്കാവുന്ന ഇടമാണ്. നന്മയുടെയും സ്നേഹത്തിന്റെയും മൂല്യങ്ങൾ ഉയർത്തുന്ന ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത് വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ പുതുക്കാട് എന്ന പ്രദേശത്താണ്.

## ഒറ്റയാ(ൻ)ൾ തുടക്കം

ഒരേഴെട്ട് കൊല്ലം മുമ്പാണ്. കടയിലെ തിരക്കൊഴിഞ്ഞ ഒരുച്ചനേരത്ത് മുമ്പിലെ തിളയ്ക്കുന്ന ടാർറോഡിലേക്ക് നോക്കിയിരിക്കുമ്പോഴാണ് അഷ്റഫലിക്ക് ഒരു തോന്നലുണ്ടാവുന്നത്: ഇങ്ങനെ ഉണ്ടപൊരിയും ഉള്ളിവടയും ഉണ്ടാക്കി തീർത്തുകളയേണ്ടതാണോ ജീവിതം?! എന്തെങ്കിലുമൊക്കെ കൂടി ചെയ്യേണ്ടതില്ലേ? കോഴിക്കോട് ജില്ലയിലെ നരിക്കുനിയിൽ നിന്ന് കുടിയേറിയെത്തിയ ബാപ്പ 40 വർഷം മുമ്പ് തുടങ്ങിയ കച്ചവടം ഏറ്റെടുത്ത ശേഷം പിന്നെ മറ്റൊന്നിനെ കുറിച്ചും ആലോചിക്കാനായിട്ടില്ല. കടയിലെ തിരക്കുകളിൽ മുങ്ങിയമർന്നു ജീവിതം. സാഹിത്യത്തോടും വായനയോടുമുള്ള അഭിനിവേശം പട്ടുപോവാതെ നിലനിർത്തിപോന്നിരുന്നു എന്നത് മാത്രം ആശ്വാസം.

എന്ത് ചെയ്യേണ്ടൂ എന്ന ആലോചന ചെന്നുനിന്നതും പുസ്തകങ്ങളിൽ തന്നെയാണ്. പഠിക്കുന്ന കാലത്ത് തന്നെ കടയിൽ സഹായിക്കുമായിരുന്നു അഷ്റഫ്. ബാപ്പ നൽകിയിരുന്ന നാണയത്തുട്ടുകൾ സ്വരുക്കൂട്ടിവെച്ച് വാങ്ങിച്ചിരുന്നത് പുസ്തകങ്ങളാണ്. അങ്ങനെ ആയിരത്തോളം പുസ്തകങ്ങളുണ്ട് ശേഖരത്തിൽ. പൊടിയും അഴുക്കും തട്ടാതിരിക്കാൻ പുറംചട്ടയിട്ട് സൂക്ഷിച്ചവ. അവയെല്ലാമെടുത്ത് ക്രമീകരിച്ച് ഒരു ലൈബ്രറി ആരംഭിക്കാം; ചായക്കടയിൽത്തന്നെ. അവിടെയാവുമ്പോൾ എപ്പോഴും നോട്ടമെത്തും. വാടക നൽകേണ്ടതുമില്ല. ഭാര്യ ഖദീജയോട് പറഞ്ഞപ്പോൾ അവരും പൂർണ്ണമായി പിന്തുണക്കാമെന്ന് ഏറ്റു. പിന്നെ താമസമുണ്ടായില്ല. ചായപ്പീടികയിൽ ക്രിയാത്മകമായ ചില ക്രമീകരണങ്ങൾ നടത്തി പകുതി സ്ഥലം വായനശാലയായി മാറ്റി. മരത്തട്ടുകൾ സ്ഥാപിച്ചു. പലഹാര അലമാരകളിലൊരെണ്ണം ഒഴിപ്പിച്ചെടുത്ത് അതിനകത്തും പുസ്തകങ്ങൾ ഇനംതിരിച്ചു നിരത്തി.

സ്റ്റോക്കു രജിസ്റ്ററും ഇഷ്യൂ രജിസ്റ്ററും തയ്യാറാക്കി. ലൈബ്രേറിയനായി ധനതത്വശാസ്ത്രത്തിൽ ബിരുദധാരിയായ അഷ്റഫിന്റെ ഭാര്യ തന്നെ ചുമതലയേറ്റു. തുടക്കമെന്ന നിലയ്ക്ക് കുറച്ച് കുട്ടികളുടെ മെമ്പർഷിപ്പും ചേർത്തു. 2007 ജനുവരി മാസം 26 ന് രാജ്യം റിപ്പബ്ലിക് ദിനമാഘോഷിക്കുന്ന വേളയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളും ലൈബ്രറി കൗൺസിൽ ഭാരവാഹികളും എല്ലാം പങ്കെടുത്ത പൊതുചടങ്ങിൽ വെച്ച് ചായക്കടയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ, ഒരുപക്ഷേ ഒരേയൊരു ലൈബ്രറിക്ക് തുടക്കമായി. 'സമന്വയം ഗ്രന്ഥാലയം സാംസ്കാരികവേദി' എന്ന പേരിൽ.

## അല്ല, ചായക്കോപ്പയിലെ കൊടുങ്കാറ്റ്

ഇതൊക്കെ എത്രനാളത്തേക്ക് പോവാനാണ്? വെറും ആരംഭശൂരത്വം, ചായക്കോപ്പയിലെ കൊടുങ്കാറ്റ്. കടയിലേക്ക് ആളു കയറാതാവുമ്പോൾ താനെ പൂട്ടിക്കോളും ലൈബ്രറിയുടെ 'കച്ചോടം' എന്നൊക്കെയായിരുന്നു തുടക്കനാളുകളിൽ നാട്ടുകാരുടെ പ്രതികരണം. പ്രധാനമായും എസ്റ്റേറ്റ് തൊഴിലാളികളും നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്നവരും സാധാരണക്കാരും മാത്രം താമസിക്കുന്ന തങ്ങളുടേത് പോലൊരു കുഗ്രാമപ്രദേശത്തുനിന്ന് അതിനപ്പുറമൊന്നും അഷ്റഫലി പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് വാസ്തവം.പക്ഷേ പിന്നോക്കം പോവാൻ മലയാളസാഹിത്യത്തിൽ ബിരുദധാരിയായ ഈ ചായക്കടക്കാരൻ തയ്യാറുണ്ടായിരുന്നില്ല. കടയിൽ വരുന്ന മുതിർന്നവരോട് വായനയുടെ മഹത്വത്തെക്കുറിച്ചും അത് നമ്മെ കൊണ്ടെത്തിക്കുന്ന ഉയരങ്ങളെ കുറിച്ചുമെല്ലാം വാചാലനായി അവരെക്കൂടി പുസ്തകങ്ങളോടടുപ്പിക്കാൻ ശ്രമപ്പെട്ടുകൊണ്ടിരുന്നു അഷ്റഫ്. കുട്ടികളെ വായനശാലയിലേക്ക് കൊണ്ടുവരാനായി മക്കളായ മുബഷിറും മുനവ്വിറും തങ്ങളാലാവുന്നത് ചെയ്തു. സ്ത്രീകൾക്കിടയിൽ ചില ബോധവൽക്കരണ ശ്രമങ്ങൾ ഭാര്യ ഖദീജയും നടത്തി.

പതിയെപ്പതിയെ ചായക്കടയിലേക്ക് പുസ്തകം വായിക്കാനെത്തുന്നവരുടെ എണ്ണം ഉയരാൻ തുടങ്ങി. ഇന്നിപ്പോൾ 250 മെമ്പർമാരുണ്ട് അഷ്റഫിന്റെ വായനശാലയിൽ. കുട്ടികൾക്ക് മെമ്പർഷിപ്പ് ഫീയോ വരിസംഖ്യയോ ഇല്ല. വായനയോടുള്ള താൽപര്യം മാത്രം മതി മുതൽമുടക്കായി. മുതിർന്നവരിൽ നിന്ന് മാത്രം 50 രൂപ അംഗത്വഫീസ് ഈടാക്കുന്നു. അംഗത്വഫീസും വരിസംഖ്യയുമൊന്നും ലൈബ്രറി നവീകരിച്ച് നടത്തിക്കൊണ്ടുപോവാൻ പര്യാപ്തമല്ലെന്ന് അഷ്റഫലിക്കറിയാം. അതുകൊണ്ടുതന്നെ മിക്കപ്പോഴും ചായക്കടയിൽ നിന്നുള്ള വരവിന്റെ നല്ലൊരു പങ്കും ലൈബ്രറിയിലേക്ക് പുതിയ

പുസ്തകങ്ങൾ വാങ്ങിക്കുന്നതിനായി ഉപയോഗിക്കുന്നു.

## ഇടപെടലുകൾ, വായനശാലയ്ക്കപ്പുറം


ചുരുങ്ങിയ സമയം കൊണ്ടുതന്നെ സമീപപ്രദേശങ്ങളിലെല്ലാം ലൈബ്രറി പേരെടുത്തതോടെ കൂടുതലാളുകൾ മെമ്പർഷിപ്പ് ആവശ്യപ്പെട്ട് മുമ്പോട്ടുവന്നു. പുസ്തകങ്ങളുടെ എണ്ണത്തിന്റെയും മെമ്പർഷിപ്പിന്റെയും കാര്യത്തിൽ ബഹുദൂരം മുമ്പിലുള്ള ഗ്രാമപഞ്ചായത്ത് വായനശാലയേക്കാൾ സജീവമായി 'സമന്വയ'ത്തിന്റെ പ്രവർത്തനങ്ങൾ. ഒരു ദിവസം ശരാശരി 25 പേർ വരെ പുസ്തകമെടുക്കാൻ വരാൻ തുടങ്ങി. ലൈബ്രറിയുടെ പ്രവർത്തനം അങ്ങനെ സജീവമായി മുമ്പോട്ടുപോകവെയാണ് അഷ്റഫിന് മറ്റൊരാശയം കൂടി തോന്നിയത്. സമന്വയം വായനശാല ആന്റ് സാംസ്കാരികവേദി എന്ന പേര് അന്വർത്ഥമാക്കുംവിധം കുറച്ച് സാംസ്കാരിക ഇടപെടലുകൾ കൂടി നടത്തണം. ഒരു പൊതുപ്രവർത്തകന്റെ മനസ്സും വിലാസവുമുള്ള അഷ്റഫിന് അങ്ങനെ ഒതുങ്ങിക്കൂടാനാവുമായിരുന്നില്ല.

## ആക്ഷൻ ഫോഴ്സ്

'ആക്ഷൻ ഫോഴ്സ് എന്ന പേരിലൊരു ജീവൻ രക്ഷാസമിതി രൂപീകരിച്ചത് ഇത്തരത്തിലൊരു പ്രധാനപ്പെട്ട ചുവടുവെപ്പായിരുന്നു. എമ്പാടും വെള്ളച്ചാട്ടങ്ങളുള്ള പ്രദേശമാണ് മേപ്പാടി. സൂചിപ്പാറയും മീൻമുട്ടിയും, കാന്തൻപാറയുമൊന്നും ഇവിടെ നിന്നേറെ അകലെയല്ല. എത്ര മുന്നറിയിപ്പുകൾ നൽകിയാലും അപകടത്തിൽ പെടുന്നവരുടെ എണ്ണം ഓരോ വർഷവും കൂടുക മാത്രം ചെയ്തുവന്നു. കൽപ്പറ്റയിൽ നിന്നും ഫയർഫോഴ്സ് എത്തിയിട്ടുവേണം രക്ഷാപ്രവർത്തനങ്ങളാരംഭിക്കാൻ എന്ന സ്ഥിതിയായിരുന്നു എപ്പോഴും. ഈ ഘട്ടത്തിൽ എന്തുചെയ്യാനാവും എന്ന ആലോചനയാണ് ആക്ഷൻ ഫോഴ്സിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. വെള്ളത്തിൽ വീണ് മാത്രമല്ല ഏത് തരം അപകടമുണ്ടായാലും രക്ഷാപ്രവർത്തനം നടത്താൻ തക്ക കഴിവും മനോബലവുമുള്ള ചെറുപ്പക്കാരുടെ ഒരു സംഘം, അതായിരുന്നു ലക്ഷ്യം. ഇതിന് മാതൃകയാക്കിയതാവട്ടെ കൽപ്പറ്റയിലെ 'തുർക്കി പട്ടാള'ത്തെയും. 'ആക്ഷൻ ഫോഴ്സി'ന്റെ ഉദ്ഘാടനം 2009 ൽ ജില്ലാ കലക്ടറാണ് നിർവ്വഹിച്ചത്. അംഗങ്ങൾക്ക് പ്രത്യേക യൂണിഫോമും ഐ.ഡി കാർഡും നൽകുകയും ചെയ്തിട്ടുണ്ട്. ഇരുപത് അംഗങ്ങളുള്ള ഈ സംഘത്തിന് കുറേക്കൂടി വിദഗ്ദ്ധ പരിശീലനം നൽകി എല്ലാ അർത്ഥത്തിലും പ്രൊഫഷണലായ രക്ഷാപ്രവർത്തകരാക്കി വളർത്തിയെടുക്കുക എന്നതാണ് അഷ്റഫിന്റെ സ്വപ്നം.

## ടീൻ ക്ലബ്ബ്

കുട്ടികളെ ഏറെ ഇഷ്ടപ്പെടുന്നു പ്ലസ്ടുവിലും ഒൻപതാം ക്ലാസിലും പഠിക്കുന്ന രണ്ടു മക്കളുടെ പിതാവായ അഷ്റഫലി. 'ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാർ' എന്ന് വേദികളിൽ തൊണ്ട കീറുന്നതിലല്ല മറിച്ച് അവരുടെ കഴിവുകൾ കണ്ടെത്തുന്നതിലും പ്രോത്സാഹനവും അംഗീകാരവും നൽകുന്നതിലും വിശ്വസിക്കുന്നു ഇദ്ദേഹം. ടീൻ ക്ലബ്ബിന്റെ രൂപീകരണം ഇത്തരം ലക്ഷ്യത്തോടെയായിരുന്നു. "കുട്ടികൾ നല്ല പൗരൻമാരാവണമെങ്കിൽ അവരിൽ ആത്മവിശ്വാസവും നേതൃപാഠവവും മൂല്യങ്ങളും വളർത്തണം. അതിനവർക്ക് ധാരാളം വേദികളും അവസരങ്ങളും നൽകണം" അഷ്റഫ് പറയുന്നു.അഷ്റഫിന് ഇക്കാര്യത്തിൽ സവിശേഷമായ താൽപര്യമുണ്ട്. വായനശാലയുടെ പ്രസിഡന്റും സെക്രട്ടറിയുമുൾപ്പെടെയുള്ള സ്ഥാനങ്ങളിലെല്ലാം കുട്ടികളാണ്. പ്ലസ്ടുവിനും ഡിഗ്രിക്കുമെല്ലാം പഠിക്കുന്ന കുട്ടികൾ. സിതാര ദിലീപും,



*ചായക്കടയിലെ പുസ്തകശാല*

ഉദൈഫും, രേഷ്മ പാപ്പച്ചനുമെല്ലാം ഇങ്ങനെ അഷ്റഫ് ഒരുക്കിയ വേദികളിലൂടെ വളർന്ന് സംസ്ഥാനതലത്തിൽ വരെ ശ്രദ്ധേയരായ മിടുക്കരാണ്. "മുമ്പൊക്കെ വേദിയിലിരിക്കുന്ന അതിഥിക്ക് ഒരു പൂച്ചെണ്ട് സമ്മാനിക്കാൻ പോലും പേടിച്ച് നിന്നിരുന്ന കുട്ടികളായിരുന്നു." അഷ്റഫ് ഓർക്കുന്നു. "ഇപ്പോൾ നിരന്തരമായ അവസരങ്ങളിലൂടെ അവരെല്ലാം ഏത് വലിയ ആൾക്കൂട്ടത്തെയും അഭിമുഖീകരിക്കാൻ തക്ക ആത്മവിശ്വാസം ആർജ്ജിച്ചിരിക്കുന്നു."

സംസ്ഥാന യുവജനോത്സവങ്ങളിലും സ്കൂൾ കായികമേളകളിലുമെല്ലാം ശ്രദ്ധേയമായ പ്രകടനങ്ങൾ നടത്തിയ ഒരുപാട് കുട്ടികളുണ്ട് കുഗ്രാമമായ പുതുക്കാടും റിപ്പണുമെല്ലാം. പലരുടെയും വിജയാഘോഷം സ്കൂൾ അസംബ്ലി സമയത്ത് ചേരുന്ന ഒരഭിനന്ദന യോഗത്തോടെ അവസാനിച്ച് പോവാറാണ് പതിവ്. പക്ഷേ അഷ്റഫ് എല്ലാ വർഷവും വിജയികളായ കുട്ടികളെ മുഴുവൻ തേടിച്ചെന്ന് കണ്ടുപിടിക്കുകയും 'സമന്വയ'ത്തിന്റെ ലേബലിന് അവരെ ആദരിക്കുന്നതിനായി അനുമോദന സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പോയവർഷങ്ങളിലെല്ലാം ഇത്തരത്തിലുള്ള സമ്മേളനങ്ങൾ സാമൂഹ്യ സാഹിത്യമേഖലയിലെ പ്രമുഖർ പങ്കെടുക്കുകയും കുട്ടികളെ അനുഗ്രഹിക്കുകയും ചെയ്തിരുന്നു.

## പ്രകൃതിപഠന-ചരിത്രാന്വേഷണയാത്രകൾ

കുട്ടികൾ പ്രകൃതിയോടും ചരിത്രത്തോടും കൂറുള്ളവരായി വളരണമെന്നാണ് അഷ്റഫിന്റെ പക്ഷം. അതുകൊണ്ടുതന്നെ സാധ്യമാവുമ്പോഴെല്ലാം അവരോടൊത്ത് യാത്രകൾ പോവാനും പഠനക്യാമ്പുകളും ട്രക്കിംഗുകളും സംഘടിപ്പിക്കാനും അഷ്റഫ് ധനവും അദ്ധ്വാനവും വ്യയം ചെയ്യുന്നു. വയനാട്ടിലെയും കോഴിക്കോട് ജില്ലയിലെയും വിവിധ സ്ഥലങ്ങളിൽ ഇത്തരം പഠനയാത്രകൾ നടത്തിയ സമന്വയം ഈയിടെ ബേക്കലിലേക്കും യാത്ര പോയിരുന്നു. ഈ വേനലവധിക്കാലത്ത് അട്ടപ്പാടിയും സൈലന്റ്

*ശേഷം പേജ് 13ൽ*

അഷ്റഫലി



### നെൽവയലിലെ കന്നി അയ്യപ്പൻമാർ-4

അബ്ദുള്ളക്കുട്ടി എടവണ്ണ

# മധുരം! ആഹ്ലാദം! ഇത്തിരി കയ്പും...!

കുറുവ വിത്ത് നിങ്ങൾക്ക് കൃഷിയിറക്കാൻ പറ്റിയ നാടൻ ഇനമാണെന്ന് ജൈവകർഷകർ പലരും ഞങ്ങളോട് പറഞ്ഞിരുന്നു. നാടൻ നെൽവിത്തുകളുടെ സംരക്ഷണം ഒരു തപസ്യയായി സ്വീകരിച്ച ഡോ: ദെബൽ ദേവ് കേരളത്തിൽ നിന്നും തന്റെ വിത്ത് ബാങ്കിലേക്ക് ശേഖരിച്ച നാടൻ വിത്തിനങ്ങൾ തവളക്കണ്ണനും കുറുവയുമാണെന്ന് ഒരഭിമുഖത്തിൽ വായിച്ചിരുന്നു. കുറുവ തവളക്കണ്ണനേക്കാളും മൂപ്പ് കുറഞ്ഞ ഇനമാണ്. ഞങ്ങൾക്ക് ആദ്യം പാട്ടത്തിന് കിട്ടിയ ഒന്നര ഏക്കർ പാടത്ത് പുതിയ ഇനങ്ങളായ കരുണയും ഉമയുമൊക്കെ നട്ടതിനു ശേഷമാണ് പിന്നീട് കൃഷി ചെയ്യാൻ കിട്ടിയ മുക്കാൽ ഏക്കർ കണ്ടത്തിലേക്കായി 'കുറുവ' തിരയുന്നത്. തിരൂരിലെ ഡോ: രാധാകൃഷ്ണൻ തന്ന നമ്പരിൽ ജൈവകൃഷി ചെയ്യുന്ന മാധവൻ നമ്പൂതിരിക്ക് വിളിച്ചു. കുറുവ വിത്ത് അദ്ദേഹത്തിന്റെ പക്കൽ ഉണ്ട്. പക്ഷേ തിരുനാവായ വരെ പോകണം. ഉടനെ ഞങ്ങൾ ഹനീഫയുടെ കാറിൽ യാത്രയായി. അപ്പോഴാണ് മാധവൻ നമ്പൂതിരി ഫോണിൽ അറിയിക്കുന്നത്. 'ഇപ്പോ പുറപ്പെട്ടാൽ സന്ധ്യ കഴിഞ്ഞേ നിങ്ങൾ എത്തൂ.. ആ നേരത്ത് വിത്തു കൈമാറുന്നത് ശരിയല്ല!'

ഞങ്ങൾക്ക് അത്തരം ചിട്ടവട്ടങ്ങളിൽ വിശ്വാസമില്ല. മാത്രവുമല്ല, വിത്ത് മുളപ്പിക്കാൻ ഉടനെ ആ വിത്ത് കിട്ടിയേ തീരൂ... വഴി മടങ്ങാൻ എന്തായാലും പറ്റില്ല. അദ്ദേഹത്തോട് ഭവ്യതയോടെ പറഞ്ഞു. സന്ധ്യയ്ക്കു മുമ്പേ വിത്തെടുത്ത് പുറത്തുവെയ്ക്കുക. ഞങ്ങൾ വന്ന്, രാത്രിയായാലും എടുത്തുകൊള്ളാം.

തിരുനാവായയിൽ അല്പം ഉള്ളിലായി കിടക്കുന്ന മാധവൻ നമ്പൂതിരിയുടെ ഇല്ലത്തേക്ക് ഞങ്ങൾ ചെന്നു കേറുമ്പോൾ ഇരുട്ടുവീണു തുടങ്ങിയിരുന്നു. അദ്ദേഹം ഞങ്ങൾ പറഞ്ഞതിനനുസരിച്ച് സന്ധ്യയ്ക്കു മുമ്പേ വിത്തെടുത്ത് പുറത്തേക്ക് വെച്ചിരിക്കണം. പടിപ്പുരയോട് ചേർന്ന കുറുവ വിത്ത് കെട്ടിവെച്ച ചാക്ക് ഞങ്ങളെ സ്വാഗതം ചെയ്തു.

കേന്ദ്ര സർവ്വീസിൽ നിന്നും പിരിഞ്ഞ് വിശ്രമജീവിതം സാർത്ഥകമാക്കാൻ ഗ്രാമാന്തരീക്ഷവും കാർഷികവൃത്തിയും സ്വമേധയാ സ്വീകരിച്ചയാളാണ് മാധവൻ നമ്പൂതിരി. മൗലികമായ കാഴ്ചപ്പാടുകളും ആഴത്തിൽ ചിന്തകളുമുള്ള മനുഷ്യൻ. അദ്ദേഹവുമായി സംസാരിച്ചിരിക്കുന്നത് നല്ലൊരു അനുഭവമായിരുന്നു. മാത്രവുമല്ല, അദ്ദേഹത്തിന്റെ കാർഷികാനുഭവങ്ങൾ ഞങ്ങൾക്ക് വിലപ്പെട്ട പാഠങ്ങളുമായി. ജൈവവിത്തിന് തത്തുല്യമായ വിലനൽകി ഞങ്ങൾ സ്വന്തമാക്കി. (പറ ഒന്നിന് 300 രൂപ വെച്ച്)

കുറുവ നട്ട പാടം പരിസര പ്രദേശത്തുള്ളവരെല്ലാം കൗതുകത്തോടെയാണ് വീക്ഷിച്ചത്. വശ്യമായ സൗന്ദര്യത്തോടെ ഈ കണ്ടം വേറിട്ട് നിന്നു. മോശമല്ലാത്ത വിളവുണ്ടായി. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്മെന്റ് വന്ന് ഒരു പഠനവും നടത്തി. ഞങ്ങളുടെ തന്നെ 'കരുണ' നട്ട കണ്ടവുമായി താരതമ്യം ചെയ്തപ്പോൾ വിളവ് കൂടുതൽ 'കുറുവ' നട്ട കണ്ടത്തിലായിരുന്നു. 'കുറുവ' കൊയ്യാൻ തൊഴിലാളികൾ മത്സരിച്ചു. ഏതാനും കൃഷിക്കാർ കുറുവ വിത്ത് മുൻകൂട്ടി ബുക്ക് ചെയ്തു.

കൃഷിപ്പണിയിലെ ഓരോ ഘട്ടവും അറിഞ്ഞാസ്വദിച്ച് പങ്കാളികളായ ഞങ്ങൾക്ക് താരതമ്യേന പ്രയാസങ്ങൾ സൃഷ്ടിച്ചത്. കൊയ്ത്തും അനുബന്ധപ്രവൃത്തികളുമാണ്. ഈ പണികൾ ദിവസങ്ങൾ നീണ്ടു. കൊയ്ത്തു മെതിച്ച് നെന്മണികൾ വേർതിരിച്ച് അളന്ന് ചാക്കിലാക്കി കൊണ്ടുപോകുന്ന ഘട്ടം വരെയുള്ള കാര്യങ്ങളിൽ, തൊഴിലാളികളുടെ സമീപനങ്ങളും ഞങ്ങളുടെ പരിചയക്കുറവും ചേർന്ന് ഒത്തിരി വിഷമങ്ങൾ സൃഷ്ടിച്ചു. കൊയ്ത്തുപണിക്ക് ഭക്ഷണമൊരുക്കാനും മറ്റുമായി ഞങ്ങൾ നാലുപേരും കുടുംബസമേതം പങ്കാളികളായി. കുടുംബത്തിന് ഇതെല്ലാം നല്ല അനുഭവങ്ങളായി.

കൊയ്ത്ത് കഴിഞ്ഞ് കണ്ടത്തിൽ വിരിച്ച പ്ലാസ്റ്റിക് ഷീറ്റിൽ കൂനയായി കിടക്കുന്ന നെന്മണികൾ അക്ഷരാർത്ഥത്തിൽ ഞങ്ങളുടെ മനസ്സ് നിറച്ചു. ജീവിതത്തിൽ ആദ്യമായി ഞങ്ങൾക്കുള്ള ആഹാരം ഞങ്ങൾ വിളയിച്ചിരിക്കുന്നു! അതും വിഷം തീണ്ടാത്ത, ഞങ്ങളുടെ വിയർപ്പും ഊർജ്ജവും അലിഞ്ഞുചേർന്ന ധാന്യമണികൾ!!

ഈ സന്തോഷവും നെൽകൃഷി പാഠങ്ങളും ഞങ്ങളുടെ സുഹൃത്തുക്കളോടും അയൽക്കാരായ കൃഷിക്കാരോടും പങ്കുവെക്കണമെന്നുണ്ടായിരുന്നു. കൊയ്ത്തുത്സവം അതിനുള്ള വേദിയാക്കി മാറ്റി. എടപ്പാളിൽ നിന്ന് ചന്ദ്രൻ മാഷിനെ ജൈവകൃഷിയെ കുറിച്ച് ക്ലാസെടുക്കാൻ ക്ഷണിച്ചു. എല്ലാവരെയും അറിയിച്ചു. നല്ലൊരു ഒത്തുചേരലായി അതുമാറി. പാടവരമ്പത്തിരുന്ന് ആളുകൾ താൽപര്യത്തോടെ ചന്ദ്രൻ മാഷിന്റെ ക്ലാസ് ശ്രദ്ധിച്ചു. പ്രകൃതിഭക്ഷണവും നാടൻപാട്ടും പരിപാടികൾക്ക് മിഴിവേകി.


വൈക്കോലിന് നല്ല വിലകിട്ടുമെന്നും ഈ വില കൊണ്ട് കൃഷിച്ചിലവിനായി വന്ന പണം തിരിച്ചുകിട്ടുമെന്നും നെല്ലായിരിക്കും ഞങ്ങളുടെ 'ലാഭ'മെന്നും തുടക്കം മുതലേ ആളുകൾ പറഞ്ഞിരുന്നു.

ഉണ്ടായ നെല്ല് ഞങ്ങൾ നാലു കുടുംബങ്ങൾ ഭക്ഷണത്തിനായി പങ്കിട്ടെടുത്തു. ആകെ 280 പറ. നെല്ല് കിട്ടിയതിൽ കൂലിയും (അഞ്ചിലൊന്ന് പതം തൊഴിലാളികൾക്ക്) പാട്ടവും വിത്തും കഴിച്ച് ഞങ്ങൾക്ക് ഓരോരുത്തർക്കും 41 പറ നെല്ല് കിട്ടി.

ഉടമസ്ഥന്റെ കയ്യിൽ നിന്നും അടുത്ത വർഷം പാടം

*ആൾക്കാർക്ക് ജീവിക്കാൻ അടിസ്ഥാനപരമായി വേണ്ടതെന്താണ്? . ഒരു കുടുംബത്തിന് കാൽ ഏക്കർ ഭൂമിയുണ്ടെങ്കിൽ, അതിൽ നെല്ലും ബാർലിയും പച്ചക്കറിയും പഴങ്ങളും വിളയിക്കുന്നുവെങ്കിൽ,വസ്ത്രങ്ങൾ പരുത്തി കൊണ്ടു നെയ്തിടുക്കുന്നുവെങ്കിൽ, വീടിനു ചുറ്റും മുളംക്കൂട്ടങ്ങളും മറ്റു മരങ്ങളും ഉണ്ടെങ്കിൽ അവർക്ക് ഒരു വർഷം മുഴുവൻ ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടതതിനും ഇന്ധനത്തിനും വേണ്ടുന്നതെല്ലാം അവിടെ നിന്നും ലഭിക്കും. ഒരു കാര്യവും കാറിൽ പാഞ്ഞുനടന്ന് അന്വേഷിക്കേണ്ടിവരില്ല.*

-ഫുക്കുവോക്ക



# സമ്മർ മെഡിറ്റേഷൻ.

**ഡേവിസ് വളർക്കാവ്**

*വേനൽക്കാലത്ത് ജലക്ഷാമവേളകളിൽ ശ്രദ്ധയോടുള്ള ജലവിനിയോഗത്തിന്റെ പ്രാധാന്യം മനസിലാക്കി ഒരു ബക്കറ്റ് വെള്ളം കൊണ്ടും ഒരു മുങ്ങിക്കുളിയുടെ അനുഭവം സാധ്യമാക്കാൻ ഒരു വഴി*

വേനൽക്കാലത്ത് കേവലം ഒരു ബക്കറ്റ് വെള്ളം കൊണ്ട് മുങ്ങിക്കുളിയുടെ അനുഭവം ആസ്വദിക്കാൻ ഇതാ സമ്മർ മെഡിറ്റേഷൻ. ആദ്യം അൽപം കുനിഞ്ഞുനിന്ന് തലയുടെ പിറകുവശത്ത് ഇരുചെവികൾക്കിടയിൽ പെൻഡുലം ആടും പോലെ വെള്ളം കുറേശ്ശെ ഒഴിക്കുക.നന്നായി നനഞ്ഞ ശേഷം തലയുടെ പിറകുവശത്ത് മാത്രം കുറേശ്ശെ വെള്ളമൊഴിക്കുക. ഈ വെള്ളം കീഴോട്ടൊഴുകി നട്ടെല്ലിന്റെ ചാലിലൂടെ നട്ടെല്ലവസാനിക്കുന്ന ഇടം വരെ ഒഴുകി എത്തുന്ന വിധമാവണം നിൽപ്പ്. അങ്ങനെ 5 കപ്പ് വെള്ളം സാവധാനം ഒഴിക്കുക. ഇപ്പോൾ തന്നെ കുറച്ച് വെള്ളം കൊണ്ട് നാം കുളി ആസ്വദിച്ചു. സാധാരണ കുളി അനുഭവത്തിൽ നിന്നും വളരെ ആസ്വാദ്യകരമായിരിക്കും ഈ കുളി. വെള്ളമോ പഴയ കുളിയുടെ പകുതി കൊണ്ടും.

ഇനി രണ്ടാം ഭാഗത്തേക്കു വരാം. കുളികഴിഞ്ഞ് തിരക്കിട്ടു തോർത്തുന്നവർക്ക് രണ്ടാം ഭാഗം ആസ്വദിക്കാൻ വിധിയില്ല. അതിനാൽ തോർത്ത് അയയിൽ തന്നെ കിടക്കട്ടെ. ജലദോഷമൊന്നും വരുമെന്ന് പേടി വേണ്ട. ജലദോഷം വന്നാരും ഇന്നുവരെ മരിച്ചിട്ടില്ല. രാവിലെയാണങ്കിൽ കിഴക്കോട്ടു തിരിഞ്ഞു നിൽക്കുക.കണ്ണടച്ച് കൈ കൂപ്പി കൈ നെഞ്ചിൽ തൊടുവിച്ച് നിവർന്ന് നിൽക്കുക.തലയിലൂടെ ദേഹത്തൂടെ കുള്ക്കാനൊഴിച്ച വെള്ളം വാർന്നു പോകുന്നത ശ്രദ്ധിക്കുക ,ആസ്വദിക്കുക.. ഇനി നിങ്ങൾ കണ്ടിട്ടുള്ള ഒരു മഴയനുഭവം ഭാവനയിൽ കാണുക. പെരുമഴയിൽ നനഞ്ഞുനിൽക്കുന്ന ഒരു വൻമരം മനസ്സിൽ കാണുക. അതിന്റെ ഇലകളിലൂടെ ചില്ലകളിലൂടെ തടിയിലൂടെ വേരുകളിലേക്ക് മഴവെള്ളം ഒഴുകിയിറങ്ങുന്നത് മനസിൽ കണ്ടാസ്വദിക്കുക. ആ മരമാണെന്ന് സ്വയം സങ്കൽപ്പിക്കുക. ശരീരത്തിലൂടെ ഒഴുകുന്ന ജലകണികകളെ ശ്രദ്ധിക്കുക.തലമുടിയിൽ നിന്ന് ചെവിയ്ൽ നിന്ന് കൈമുട്ടുകളിൽ നിന്ന് മാറിൽ നിന്ന് കീഴോട്ടൊഴുകുന്ന ജലകണികകളെ ആസ്വദിക്കുക. കാൽപ്പാദം വരെ ഇങ്ങനെ ഒഴുകിയെത്തുന്ന ഉറവകളെ ആസ്വദിച്ച് കണ്ണടച്ച് സന്തോഷം അനുഭവിക്കുക. ജലവർഷം തീർത്തും അവസാനിക്കുമ്പോൾ ഈ മഴാനുഭവത്തിന് ഭാവന ചെയ്ത വൃക്ഷത്തോട് ഹൃദയംഗമമായി നന്ദി പറഞ്ഞ് കണ്ണ് തുറക്കുക. ഇനി തോർത്തണമെന്നുപോലും തോന്നാനിടയില്ല. അത്രയ്ക്കും ആസ്വാദ്യകരമായ അനുഭവമായിരിക്കുമത്. അടുത്തുവരുന്ന മഴക്കാലത്തേയും കാലാനസ്ഥാ മാറ്റത്തേയും സ്വീകരിക്കാനും ഈ മെഡിറ്റേഷൻ സഹായിക്കും. *കൂടുതൽ വിവരങ്ങൾക്ക് വിളിക്കാം. ഡേവിസ് വളർക്കാവ്. 9895148998*

---

കിട്ടുമെന്നതിന് യാതൊരു ഉറപ്പുമില്ല. അങ്ങനെയുണ്ടായിരുന്നെങ്കിൽ വൈക്കോൽ കണ്ടത്തിൽ തന്നെ നിക്ഷേപിക്കുന്നതാണ് നല്ലതെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

വൈക്കോൽ വിൽപ്പന നടത്താൻ തീരുമാനിച്ചു. ഞങ്ങളുടെ കൃഷിവൃത്തിയിൽ കച്ചവടം കടന്നുവന്ന ഏകഘട്ടം ഇതായിരുന്നു. വൈക്കോലിന് വിലപറയാനും അത് എണ്ണി കണക്കാക്കി കാശ് വാങ്ങാനും ഞങ്ങൾ വിഷമിച്ചു. ഉപജീവനത്തിനായി പശുവിനെ വളർത്തുന്ന പാവങ്ങൾ വന്ന് വൈക്കോൽ ചോദിക്കുമ്പോൾ അവരോട് ഞങ്ങൾക്കെങ്ങിനെ കണിശതയോടെ വിലപറയാനാകും? നെൽകൃഷിക്കാരന് വൈക്കോലിന് നല്ല വില കിട്ടിയാൽ ആഹ്ലാദം. ക്ഷീരകർഷകന് വൈക്കോലിന് വിലകുറഞ്ഞു കിട്ടിയാൽ ആഹ്ലാദം. ഞങ്ങൾ ഏതു പക്ഷത്തു ചേരും? വൈക്കോൽ കച്ചവടം ഞങ്ങൾക്ക് കയ്പ്പാണ് സമ്മാനിച്ചത്. ഇതും ഒരു പാഠമായി സ്വീകരിക്കുന്നു.നെൽകൃഷി രാസികമാണോ ജൈവികമാണോ പാലേക്കർ രീതിയാണോ എന്നല്ല കൃഷി പ്രക്രിയയിൽ നേരിടുന്ന പ്രശ്നം.

വളങ്ങൾ നെല്ലിന്റെ ഗുണമേന്മ നിശ്ചയിക്കുന്നുണ്ട്. ഏതുവളം ഉപയോഗിക്കണമെന്നും രാസവിഷങ്ങൾ കണ്ടത്തിലേക്ക് കേറ്റാതിരിക്കുന്നതുമൊക്കെ കൃഷിക്കാരുടെ നിലപാടുകളാണ്. അവിടെയൊക്കെ ശരിയും ഉറച്ചതുമായ നിലപാടുകൾ എടുത്താലും മറ്റു പല ഘടകങ്ങളെയും ആശ്രയിച്ചുകൊണ്ട് നെൽകൃഷി നടത്തുമ്പോൾ ഒട്ടേറെ പ്രതിസന്ധികൾ ഉണ്ടാകാനുണ്ട്. ജല ലഭ്യതയും കാലാവസ്ഥാനുകൂലനങ്ങളും പ്രധാന ഘടകങ്ങൾ തന്നെ. ഒരേ സമയത്ത് ഒരുപാട് സംഗതികൾ മാനേജ് ചെയ്യാനുള്ള ചാതുരി കൃഷിക്കാരുടെ വിജയത്തിന്റെ താക്കോലാണ്. പരാശ്രയം കുറച്ചുകൊണ്ടുവന്ന് എല്ലാ അർത്ഥത്തിലും സ്വാശ്രയത്വത്തിലേക്ക് വളർന്നാൽ നെൽകൃഷി ആഹ്ലാദകരവും ലളിതവും സുസ്ഥിരവുമാകും.

വയലിലിറങ്ങുന്നതിന് മുമ്പുള്ള ഞങ്ങളല്ല ഇപ്പോഴുള്ളത് എന്ന് വിനയപൂർവ്വം തിരിച്ചറിയുന്നു. എല്ലാവർക്കും നന്ദി!

## കന്നി അയ്യപ്പൻമാർ ആരൊക്കെ?

*മലപ്പുറം ജില്ലയിലെ എടവണ്ണയിലെ നാലുപേർ ചേർന്ന് പാട്ടത്തിനെടുത്ത രണ്ടേകാൽ ഏക്കർ വയലിൽ ജൈവരീതിയിൽ നെൽകൃഷി ചെയ്തപ്പോഴുണ്ടായ അനുഭവങ്ങളാണ് ലിറ്റിൽ മാസിക നാലു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച 'നെൽവയലിലെ കന്നി അയ്യപ്പൻമാർ'. അധ്യാപകനും ലിറ്റിൽ മാസിക ടീമംഗവുമായ അബ്ദുള്ളക്കുട്ടി എടവണ്ണ, കാരക്കുന്ന് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റും ഗ്രാമീണ സാമൂഹ്യ പ്രവർത്തകനുമായ ഫിറോസ്, ആർ.ടി.ഒ. ജീവനക്കാരനും സാംസ്കാരിക പ്രവർത്തകനുമായ ഹനീഫ, ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകനും പ്രകൃതിസ്നേഹിയുമായ ആറുമുഖൻ എന്നിവരായിരുന്നു ഈ കന്നി അയ്യപ്പൻമാർ. നെൽകൃഷിയിൽ മുൻപരിചയമില്ലാത്ത ഈ സംഘത്തിന്റെ അനുഭവപാഠങ്ങൾ ഈ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് പ്രയോജനം ചെയ്യുമെന്ന ഉദ്ദേശ്യത്തിലാണ് ഈ കൃഷിപാഠ പരമ്പര പ്രസിദ്ധീകരിച്ചത്. വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.*

-എഡിറ്റർ

# ലിറ്റിൽ മാസിക എനിക്ക് പറഞ്ഞുതന്നത്

'A whiff of fresh air' ലിറ്റിൽ മാസിക ആദ്യമായി വായിച്ചപ്പോൾ എനിക്കനുഭവ്യമായതതാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ നവ്യവും, ഹൃദ്യവും, അന്നുവരെ അനുഭവവേദ്യമാകാത്തതും, പോസിറ്റീവ് എനർജി വമിക്കുന്നതുമായ ഒരു ഇളംകാറ്റായാണ് എനിക്ക് ലിറ്റിൽ മാസിക അനുഭവപ്പെട്ടത്. പിന്നീടുള്ള ലിറ്റിൽ മാസികയുടെ ലക്കങ്ങൾ വായിക്കുമ്പോഴും, ലിറ്റിൽ മാസികയുടെ എന്റെ ആദ്യവായന പ്രദാനം ചെയ്ത അതേ അനുഭവം തന്നെയാണെനിക്കുണ്ടായത്. എന്താണ് ലിറ്റിൽ മാസികയെ മറ്റു മാസികകളിൽ നിന്ന് വേറിട്ട് നിർത്തുന്നത്? എനിക്ക് തോന്നുന്നു ലിറ്റിൽ മാസിക വായനക്കാരന് കൽപ്പിക്കുന്ന മൂല്യമാണതിനെ വേറിട്ട് നിർത്തുന്നതെന്ന്; വായനക്കാരന്റെ സമയം അമൂല്യമാണെന്ന തിരിച്ചറിവ്; ലിറ്റിൽ മാസികയുടെ താളുകളിലെ കോണുകളിൽ അച്ചടിക്കുന്ന കാര്യങ്ങൾ പോലും വായനക്കാരന്റെ മൗലികമായ വായനക്കുതകുന്നതാകണമെന്നുള്ള നിഷ്കർഷ, ഇവ ലിറ്റിൽ മാസികയുടെ താളുകളിൽ പ്രതിഫലിച്ചുകാണാം.

ആത്യന്തികമായി, മനുഷ്യന്റെയും ജന്തുസസ്യജാലങ്ങളുടെയും ഒരു വലിയ കൂട്ടായ്മയാണ് ഈ ഭൂമുഖമെന്നും, ഈ ഭൂമുഖത്തുള്ള ഓരോ വ്യക്തിക്കും ഈ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിനായുള്ള മൗലികമായ ഇടപെടലുകൾ അയാളുടെ ദൈനംദിന ജീവിതത്തിൽ പോലും നടത്താനാകും എന്നുള്ള ഒരു വലിയ തിരിച്ചറിവും ലിറ്റിൽ മാസിക നമുക്ക് തരുന്നുണ്ട്. നമ്മുടെ ചുറ്റുവട്ടത്തുള്ള, എന്നാൽ നമ്മൾ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത സാധാരണക്കാരായ ആളുകളുടെ മനുഷ്യനന്മയ്ക്കായുള്ള അസാധാരണ ഇടപെടലുകളെ നമുക്ക് പരിചയപ്പെടുത്തിത്തരുമ്പോൾ ലിറ്റിൽ മാസിക ഈ ദൗത്യമാണ് നിറവേറ്റുന്നത്. ലോകത്തിന്റെ വിവിധ കോണുകളിൽ മനുഷ്യരാശിയുടെ നന്മയ്ക്കായി പ്രതിരോധങ്ങൾ തീർക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന മനുഷ്യരെയും, സംഘങ്ങളെയും കുറിച്ചുള്ള വാർത്തകൾ, വാർത്തകളുടെ മലവെള്ളപ്പാച്ചിലിൽ നമ്മൾ ശ്രദ്ധിക്കാതെ പോവുന്നു. എന്നാൽ ഇവ ലിറ്റിൽ മാസികയിൽ അച്ചടിച്ചുവരുമ്പോൾ, ലിറ്റിൽ മാസികയുടെ ഓരോ താളും നമ്മൾ വായിക്കുമെന്ന ഒറ്റക്കാരണത്താൽ ഇവ നാം തിരിച്ചറിയുന്നു.

ലിറ്റിൽ മാസികയുടെ പത്രാധിപർ അപ്രാപ്യമായ ദൂരങ്ങളിലെവിടെയോ ആണെന്ന് വായനക്കാരന് തോന്നുന്നില്ല, മറിച്ച് അയാൾ വായനക്കാരന്റെ ചുറ്റുവട്ടത്തെവിടെയോ ഉള്ളതായിട്ടാണ് വായനക്കാരനനുഭവപ്പെടുന്നത്. ഇത്, നമുക്കു ചുറ്റുമുള്ള ഭൂമികയിൽ വേരൂന്നി നിന്നുകൊണ്ടാണ് ലിറ്റിൽ മാസിക അതിന്റെ ദർശനം മുന്നോട്ട് വെക്കുന്നത് എന്നത് കൊണ്ടാണെന്ന് ഞാൻ കരുതുന്നു. മറ്റു മാധ്യമങ്ങളിൽ അച്ചടിച്ച് വരുന്നതും വായനക്കാരന് പകർന്ന് നൽകേണ്ടതാണെന്ന് ലിറ്റിൽ മാസികയ്ക്ക് ബോധ്യമുള്ളതുമായ കാര്യങ്ങൾ ലിറ്റിൽ മാസികയിൽ പുനഃപ്രസിദ്ധീകരിക്കുകയും, ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിച്ചവയെല്ലാം മറ്റേതൊരു മാധ്യമത്തിലും പ്രസിദ്ധീകരിക്കാൻ അനുവാദം നൽകുന്ന 'Copy left policy' പിന്തുടരുകയും വഴി പാരസ്പര്യത്തിന്റെ ഒരു വലിയ ചങ്ങലയിലെ ഒരു കണ്ണി മാത്രമാണെന്ന് ലിറ്റിൽ മാസിക പ്രഖ്യാപിക്കുന്നുണ്ട്.

ദൃശ്യമാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും കുത്തൊഴുക്കിൽ ലോകമെമ്പാടും വായനക്കാരുള്ള 'Readers Digest' പോലുള്ള ഒരു മാസിക പോലും പിടിച്ചുനിൽക്കാനാകാതെ പ്രതിസന്ധിയിലാവുകയും, 'Encyclopedia Britannica' എന്ന വൈജ്ഞാനിക ഗ്രന്ഥം പോലും പ്രസിദ്ധീകരണം നിർത്തുകയും ചെയ്ത ഒരു കാലഘട്ടത്തിൽ, പരസ്യങ്ങളിൽ ആശ്രിതത്വമില്ലാതെ, നിലമ്പൂർ പോലുള്ള ഒരു ചെറിയ പട്ടണത്തിൽ നിന്നു പോലും മൗലികമായ ഒരു വായനാനുഭവം പ്രദാനം ചെയ്യുന്ന ഒരു മാസിക വിജയകരമായി പുറത്തിറക്കാൻ കഴിയും എന്നുള്ള വിസ്മയകരമായ ഒരു തിരിച്ചറിവു കൂടിയാണ് ലിറ്റിൽ മാസിക എനിക്ക് പകർന്നുതന്നത്.

**-അഡ്വ. രാജേഷ് ആർ. കോർമത്ത്,എറണാകുളം**



# കൃഷിവകുപ്പ് എത്ര രാമൻമാരെ, എത്ര നെൽവിത്തിനെ ഇല്ലായ്മ ചെയ്തിട്ടുണ്ട്?

ഫെബ്രുവരി ലക്കം ലിറ്റിൽ മാസികയിലെ ചെറുവയൽ രാമനെ കുറിച്ചുള്ള ലേഖനം ഉചിതമായി. യഥാർത്ഥത്തിൽ ഇത്തരക്കാരായ ഗ്രാമീണ മനുഷ്യരാണ് നമ്മുടെ ജൈവവൈവിധ്യത്തിന്റെ യഥാർത്ഥ സംരക്ഷകരും കാവൽക്കാരും. മുപ്പതിലേറെ ഇനം നാടൻ നെൽവിത്തുകൾ കാത്ത് സംരക്ഷിക്കുന്ന ചെറുവയൽ രാമനെ പോലുള്ള യഥാർത്ഥ കർഷകരെ തോൽപ്പിക്കാനും ആനുകൂല്യങ്ങൾ നിഷേധിക്കാനുമാണ് കൃഷിവകുപ്പ് എന്നും ശ്രമിച്ചിട്ടുള്ളത് എന്നുകൂടി നമ്മളറിയണം. ഉദാഹരണത്തിന് അത്യുൽപാദനശേഷിയുള്ള(?) പുത്തൻ നെൽവിത്തിനങ്ങൾക്കു മാത്രമാണ് കൃഷിവകുപ്പിന്റെ നെല്ലുൽപാദന ബോണസ് ഇന്നും നൽകുന്നത്. നാടൻ വിത്തിന് അതും നൽകാൻ വകുപ്പില്ലത്രേ! എന്നാലിപ്പോൾ കിസാൻ കൃഷിദീപത്തിൽ ഒരു ദളത്തിൽ ചെറുവയൽ രാമനെ അവതരിപ്പിക്കുന്ന കൃഷിവകുപ്പ് എത്ര രാമൻമാരെ, എത്ര നെൽവിത്തിനെ ഇല്ലായ്മ ചെയ്തിട്ടുണ്ട്?

നാടൻ നെൽവിത്ത് വളർത്തിയാൽ, നാടൻ പശുവിനെ ഇണ ചേർത്താൽ അത് കുറ്റകരമാവുന്ന നാട്ടിലാണ് നാം ജീവിക്കുന്നത്. അവിടെയാണ് ചെറുവയൽ രാമനും കൊടുങ്ങല്ലൂരിലെ 16 ഇനം നാടൻ പശുക്കളെ വളർത്തുന്ന ചന്ദ്രൻ മാഷും കാസർഗോഡെ കാടു വളർത്തുന്ന കരീമും കണ്ടൽ സംരക്ഷകൻ കല്ലേൽ പൊക്കുടനും പോലുള്ള നൂറ് നൂറ് യഥാർത്ഥ ഗ്രാമീണർ പ്രസക്തരാകുന്നത്. അവരെ കാണാനും പരിചയപ്പെടുത്താനും ശ്രമിക്കുന്ന ലിറ്റിൽ മാസികയ്ക്ക് ആയിരം ആയിരം അഭിനന്ദനങ്ങൾ. ഇനിയും ഇത്തരം സാധാരണ മനുഷ്യരെ പരിചയപ്പെടുത്താൻ ഏറെ

**-രാമകൃഷ്ണൻ, വടകര**

*കുരുവികളുടെ എണ്ണം രാജ്യവ്യാപകമായി കുറയുന്നു . എന്നാൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആണ് കുരുവികളുടെ സാന്നിധ്യത്തിൽ അൽപമെങ്കിലും മുന്നിൽ നിൽക്കുന്നത്.അവിടങ്ങളിലെ ഗ്രാമീണ അന്തരീക്ഷവും പഴയ കെട്ടിടങ്ങളുടെ സാന്നിധ്യവും കുരുവികൾക്ക് അനുകൂലമാണ് എന്നതാണ് ഇതിനു കാരണം. നമ്മുടെ നാട്ടിലും ഉയർന്നുവരുന്ന അപ്പാർട്ട്മെന്റുകളും വില്ലകളും പുതിയ കെട്ടിട രീതികളും മൊബൈൽ ടവറിൽ നിന്നുള്ള റേഡിയേഷനും ഒക്കെ ഓരോ ദിവസവും കുരുവികളുടെ എണ്ണം കുറഞ്ഞുവരുന്നതിനു കാരണമാവുന്നു.*



# ആണവസ്നേഹ മാണോ രാജ്യ സ്നേഹം?

എസ്. അനിത

*സാമൂഹ്യപ്രസ്ഥാനങ്ങളെയും പ്രതിരോധപ്രവർത്തനം നടത്തുന്ന ചെറുഗ്രൂപ്പുകളെയും രാജ്യദ്രോഹികളായി മുദ്രയടിക്കുന്ന അപകടകരമായ സഹചര്യം ചർച്ച ചെയ്യപ്പെടേണ്ടതാണ്.*

അറുനൂറിൽപരം ദിവസങ്ങളായി കൂടംകുളത്ത് ജനങ്ങൾ ആണവ റിയാക്ടറിനെതിരെ സമരം നടത്തുകയാണ്. എന്തുകൊണ്ടാണ് ഇത്ര നാളായിട്ടും വേണ്ടത്ര ന്യൂസ് കവറേജ് ഈ സമരത്തിന് കിട്ടാത്തത്? മാധ്യമങ്ങൾ ഈ സമരത്തെ നിരാകരിക്കുകയായിരുന്നു. സാധാരണക്കാരായ ജനങ്ങൾ അണിനിരക്കുന്ന ഈ സമരത്തിന്റെ ഊർജ്ജം പക്ഷേ ഒരു ഘട്ടത്തിലും ഒട്ടും കുറഞ്ഞുപോയിട്ടില്ല. വിഷയം ആണവറിയാക്ടർ വേണോ വേണ്ടേ എന്നതുമാത്രമല്ല. ഇതു ജനാധിപത്യത്തിന്റെ പ്രശ്നമാണ്.

ഒരു പ്രദേശത്തെ ജനജീവിതത്തെ ബാധിക്കുന്ന വിഷയത്തിൽ അവരുടെ അഭിപ്രായത്തിന് യാതൊരു വിലയും കൊടുക്കാത്ത ഒരു ഭരണകൂടം ഇവിടെ നിലനിൽക്കുമ്പോൾ കൂടംകുളത്തെ ജനം ചോദിക്കുന്നു: ഇതൊരു ജനാധിപത്യ രാജ്യമാണോ? ഇതാണോ ജനാധിപത്യം?

**ജനാധിപത്യത്തിന്റെ ശവസംസ്കാരം**

ജനാധിപത്യത്തിന് തമിഴിൽ ഉപയോഗിക്കുന്ന ജനനായകം എന്ന പ്രയോഗം കൂടുതൽ അർത്ഥപൂർണ്ണവും മനോഹരവുമാണ്. ജനാധിപത്യത്തിന് അവർ നൽകുന്ന പവിത്രത ആ വാക്കിൽ തന്നെയുണ്ട്. എന്നിട്ടും അവർക്ക് ആഗസ്റ്റ് 15 ന് കരിങ്കൊടി ഉയർത്തേണ്ടി വന്നു. സ്വാതന്ത്ര്യദിനത്തിൽ ത്രിവർണ്ണപതാകയ്ക്കു പകരം കരിങ്കൊടി ഉയർത്തിയും ജനാധിപത്യത്തിന്റെ ശവസംസ്കാരം പ്രതീകാത്മകമായി ആവിഷ്കരിച്ച് വിലാപയാത്ര നടത്തിയും കൂടംകുളത്തെ ജനം ജനാധിപത്യത്തെ വിചാരണ ചെയ്തു.

**ആണവനിലയം= രാജ്യസ്നേഹം**

ആണവനിലയത്തെ എതിർക്കുന്നവർ രാജ്യദ്രോഹം ചുമത്തപ്പെട്ട് തുറുങ്കിലടയ്ക്കപ്പെടുന്നു. സമരത്തെ അനുകൂലിച്ച് എന്തെങ്കിലും ചെയ്യുന്ന, പുറത്തുനിന്ന് വരുന്നവരോട് അധികാരികൾ ചോദിക്കുന്നു: നിങ്ങൾ ഈ രാജ്യദ്രോഹികളെ സഹായിക്കുകയാണോ? രാജ്യസ്നേഹം എന്നാൽ ആണവസ്നേഹം എന്നാണോ? ഏത് സാമൂഹ്യപ്രസ്ഥാനങ്ങളെയും പ്രതിരോധപ്രവർത്തനം നടത്തുന്ന ചെറുഗ്രൂപ്പുകളെയും രാജ്യദ്രോഹികളായി മുദ്രയടിക്കുന്ന അപകടകരമായ സഹചര്യം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ബ്രിട്ടീഷ് ഭരണകൂടം എതിർസ്വരങ്ങളെ അമർച്ച ചെയ്യാൻ കൊണ്ടുവന്ന 'സെഡിഷൻ നിയമം' ഭരണകൂടം തലങ്ങും വിലങ്ങും വീശുകയാണ്.

**സേവ്യറമ്മ**

സേവ്യറമ്മ എന്ന സമരനായികയായ വീട്ടമ്മയെ ജാമ്യമില്ലാതെ 3 മാസം ജയിലിലടച്ചു. ജാമ്യം കൊടുത്തപ്പോൾ വെച്ച ഉപാധിയാണ് ഭയങ്കരം. ദിവസവും 250 കിലോമീറ്റർ അകലെയുള്ള മധുരയിൽ പോയി ഒപ്പിടണമത്രെ! ബീഡി തെറുത്ത് ജീവിക്കുന്ന പാവം സ്ത്രീയെ സമരമുഖത്ത് നിന്ന് ആട്ടിപ്പായിക്കുന്നതിന്റെ വഴികൾ!

**മാധ്യമങ്ങളിൽ ലൈവ് ആക്കപ്പെടാതെ പോവുന്ന സമരങ്ങൾ**

എലൂരിലും വിളപ്പിൽശാലയിലും ഒക്കെ വർഷങ്ങളായി ജീവിതം അർപ്പിച്ച് നടത്തുന്ന നിരവധി സമരജീവിതങ്ങളുണ്ട്. മാധ്യമങ്ങളിൽ വാർത്തയാവാത്തതിനാൽ മാത്രം സമരം ജനം അറിയുന്നില്ല. നമ്മൾ അറിയാത്തതുകൊണ്ട് ഒരു സമരം ഇല്ല എന്നല്ല വിചാരിക്കേണ്ടത്. നാം അറിഞ്ഞില്ലെങ്കിലും അഥവാ മാധ്യമങ്ങൾ നമ്മെ അറിയിച്ചില്ലെങ്കിലും സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു *(ലിറ്റിൽ മാസിക സുഹൃത് സംഗമത്തിൽ നടത്തിയ സംഭാഷണത്തിൽ നിന്ന്)*

---

# രാജ്യദ്രോഹ നിയമത്തിനെതിരെ മൊബൈൽ ഫോൺ കാമ്പയിൻ

**09266802178 എന്ന നമ്പറിലേക്ക് വിളിച്ച് കാമ്പയിനിൽ പങ്കെടുക്കാം.**

രാജ്യദ്രോഹ നിയമത്തിനെതിരെ മനുഷ്യാവകാശ സംഘടനയായ പി.യു.സി.എൽ രാജ്യത്തെ മൊബൈൽ ഫോൺ കാമ്പയിൻ സംഘടിപ്പിക്കുന്നു. ഇന്ത്യൻ പീനൽകോഡിലെ 124 എ (രാജ്യദ്രോഹ കുറ്റം) റദ്ദാക്കണമെന്നാവശ്യപ്പെട്ട് എല്ലാ മനുഷ്യസ്നേഹികളും 09266802178 എന്ന നമ്പറിലേക്ക് വിളിച്ച് കാമ്പയിനിൽ പങ്കെടുക്കാം. ബ്രിട്ടീഷ് സർക്കാർ 1870-ൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ കൊണ്ടുവന്നതാണ് ഈ വകുപ്പ്. ഭരണകൂടത്തിനെതിരെ വിദ്വേഷവും അപ്രീതിയും പ്രചരിപ്പിക്കുന്ന വിധത്തിൽ പെരുമാറുന്നതിനെ രാജ്യദ്രോഹമായും കൊടിയ കുറ്റമായും കണ്ട് ജീവപര്യന്തം തടവുവരെ നൽകാൻ വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പ് ഭരണകൂടം സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ച് നൂറുകണക്കിനാളുകളെയാണ് പ്രതിവർഷം ജയിലിലടക്കുന്നത്.



കൊളോണിയൽ കാലത്തെ ഈ നിയമമുപയോഗിച്ച് കൂടംകുളത്തെ ആണവറിയാക്ടർ വിരുദ്ധ പ്രക്ഷോഭകാരികളെ വരെ ജയിലിലാക്കിയിട്ടുണ്ട്. വലിയ ഡാമുകൾക്കും വിമാനത്താവളങ്ങൾക്കുമെതിരെ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ വരെ ഈ നിയമത്തിന്റെ തണ്ടമുന ഉപയോഗിച്ച് ഭരണകൂടത്തിന് തടയിടാം.

# കാർണിവൽ നിർമ്മിക്കുന്ന മനുഷ്യൻ

**എം.പി. പ്രതീഷ്**

**ശൈലന്റെ 'ദേജാവു' എന്ന പുസ്തകത്തെക്കുറിച്ച്**

വാക്കുകളുടെ ഒരു കാർണിവൽ കെട്ടിയുണ്ടാക്കാനറിയുന്ന ഒരാളാണ് തീർച്ചയായും 'ദേജാവു' എഴുതിയിരിക്കുന്നത്. പേരുകൾ കൊണ്ട് വലിയ എടുപ്പുകൾ, ഊടുവഴികൾ, കപ്പൽച്ചാലുകൾ എന്നിവയെല്ലാം നിർമ്മിക്കാൻ അയാൾക്കു വശമുണ്ട്. ലോകത്ത് ഓരോ ദിവസത്തെയും ആരംഭിക്കുന്ന ഏറ്റവും പുതിയ ഒരു ബ്രാൻഡ് നെയിം മുതൽ അപരിചിതവും പ്രാചീനവുമായ ഒരു സ്ഥലനാമം വരെ, കാമുകിയുടെ വിളിപ്പേരു മുതൽ ലാറ്റിനമേരിക്കൻ രാഷ്ട്രനേതാവിന്റെ പേരുവരെ കിട്ടാവുന്നത്ര പേരുകൾ അയാൾ കവിതയുടെ അസംസ്കൃത പദാർത്ഥമെന്ന നിലയിൽ ശേഖരിച്ചുവെച്ചിരിക്കുന്നു. അതിനാൽ അയാൾ നെയിംസ്ലിപ്പുകൾ കൊണ്ട് കൊട്ടാരമുണ്ടാക്കുന്ന ഒരു മജീഷ്യൻ കൂടി ആവുന്നു. നമ്രദാശിരോദ്കവും ഹ്യൂഗോ ഷാവേസും അക്വാഫിനായും അഷ്ടാംഗമാർഗ്ഗവും ഓരോരോ പേരിന്റെ ദൃശ്യരൂപം മാത്രം. പേരുകളുടെ ചരിത്രപരമായ വേരുകളിലേക്കോ, ഭാഷാശാസ്ത്രപരമോ, സാമൂഹ്യശാസ്ത്രപരമോ ആയ വിവക്ഷകളിലേക്കോ കടക്കുന്നത് ഒരു ലാബറിൻതിൽ (Laberinth) പെടുന്നതുപോലെ ആയിരിക്കും. ഒരർത്ഥത്തിൽ പേരുകളെ അവയുടെ ചരിത്രത്തിൽ നിന്നും മോചിപ്പിക്കുകയാവാം അയാൾ. ഗൗതമബുദ്ധനെ ഒരു മൾട്ടിഫ്ളക്സ് തിയേറ്ററിനകത്ത് കണ്ടുമുട്ടേണ്ടിവരുന്ന, ഒരു റെയിൻഡീറിനെ നഗരമധ്യത്തിൽ കാണേണ്ടിവരുന്ന അന്നേരത്തുണ്ടാവുന്ന അതേ അർത്ഥമില്ലായ്മ, അർത്ഥമറിയായ്മ ആണ് അയാൾ നിരന്തരം എഴുതിവെക്കുന്നത്. അതിനാലാണ് വ്യവസ്ഥാപിതമായ കാവ്യാനുശീലനത്തിന്റെ പനി പിടിച്ച നമുക്ക് ആ എഴുത്ത് ഒരു വെറും പ്രകടനമായും അസംബന്ധമായും അർത്ഥരഹിതമായും എല്ലാം തോന്നുന്നത്. കവിതയ്ക്കു താഴെ ഒരു ഓക്സ്ഫഡ് നിഘണ്ടുവോ, വിക്കീപീഡിയയിലേക്കുള്ള ഹൈപർലിങ്കോ തുന്നിക്കെട്ടിവെക്കുന്നത് നിശ്ചയമായും ഒരു കവിയുടെ കുലത്തൊഴിലോ പിൻതുടർച്ചാവകാശമോ അല്ല. അതായത് സംസ്കാരപഠനത്തിനോ, സ്ത്രീ-കീഴാള-ലിംഗ പഠനങ്ങൾക്കോ തോന്നുംപോലെ കേറിയിറങ്ങാവുന്ന വിശാലമായ പാർക്കിംഗ് ഏരിയ 'ദേജാവു'വിൽ ഉണ്ട്.

2

തീർപ്പുകളില്ലാത്ത, ഉറച്ചബോധ്യങ്ങളില്ലാത്ത ഒരു ഇടം ഈ കവിതയിലിരിക്കുന്നു. അതിനർത്ഥം കവിതയിൽ നിലപാടുകളേ ഇല്ലെന്നല്ല. വായിക്കുന്നവർ ആഗ്രഹിക്കുന്ന സദാചാരത്തിലും ധാർമ്മികതയിലും പെടുത്താവുന്ന 'മുൻകൂട്ടി നിർവ്വചിക്കപ്പെട്ട' നിലപാടുകളാണ് ഇല്ലാത്തത്. ഇതിലെ മനുഷ്യർ മുഖ്യധാരാ മലയാളി ജീവിതത്തിന്റെ ഒരു ഭാഗമാണ്. അതിന്റെ എല്ലാത്തരം (അ)രാഷ്ട്രീയവും മതവും ഭാഷയും ശരീരവും യന്ത്രവും ആസക്തിയും ധ്യാനവും ഇതിലുണ്ട്. അത് വിശുദ്ധമായ ഒരു പൊതു ഇടത്തിനെ (സങ്കൽപത്തെ) നിരന്തരമായി പൊളിച്ചു കൊണ്ടിരിക്കുന്നു. അവിശുദ്ധമായ, കൂടുതൽ കലർപ്പുകളുള്ള, ബഹുസ്വരമായ പൊതുഇടത്തെ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

3

സമകാലികമായ മറ്റു കവികളിൽ നിന്നും വ്യത്യസ്തമായ ഒരു വാമൊഴിഭേദം ഇയാൾ ഉപയോഗപ്പെടുത്തുന്നുണ്ട്. 'താമ്രപർണി'യിലും 'നിഷ്കാസിതന്റെ ഈസ്റ്ററി'ലും ഇല്ലാതിരുന്ന ഒരു സവിശേഷത കൂടിയാണ് ഇത് എന്ന് തോന്നുന്നു. ഉറപ്പില്ലായ്മയെ, ആവാമായിരുന്നതിനെ, സാധ്യതയെ, അസാധ്യതയെ ഒക്കെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങൾ, ചില വ്യാക്ഷേപകശബ്ദങ്ങൾ ഒക്കെ ഒരു വേറിട്ട സംഭാഷണശൈലിയെയാണ്, പറച്ചിലിനെയാണ് അടയാളപ്പെടുത്തുന്നത്.

'ദേജാവു'വിലൂടെ സഞ്ചരിക്കുന്നത് ഒരു കാർണിവലിൽ ആയിരിക്കുന്നതിന്റെ അവസ്ഥയെ തരുന്നുണ്ട്. നടക്കുമ്പോൾ സിനിമ കാണുകയും സിനിമ കാണുമ്പോൾ പോപ്പ്കോൺ തിന്നുകയും തിന്നുമ്പോൾ പ്രണയിക്കുകയും ഇറച്ചിവെട്ടുകയും ധ്യാനിക്കുമ്പോൾ മെയിലുനോക്കുകയും ഉറങ്ങുമ്പോൾ സംസാരിക്കുകയും കേൾക്കുമ്പോൾ അദൃശ്യരാവുകയും ഒക്കെ ചെയ്യുന്ന പുതിയ കാലത്തെ മനുഷ്യജീവിതത്തെ കവിതയിലെ 'ഉറപ്പില്ലാത്ത', 'തീർച്ചയില്ലാത്ത' അവതരണങ്ങളാണ് ഇവ. സാധാരണവും ചലനാത്മകവും മടുപ്പിക്കുന്നതും ആവർത്തിക്കുന്നതുമായ ജീവിതത്തിൽ നിന്നും ഒട്ടും അകലെയല്ല 'ദേജാവു'വിന്റെയും ശൈലന്റെയും നിൽപ്പ്.

# മിൽമ: ചില സത്യങ്ങൾ

**അഡ്വ: പി.എ. പൗരൻ**

*കേരള ഹൈക്കോടതി അടുത്തകാലത്ത് എന്തിനാണ് പൊടി കലക്കിക്കൊടുക്കാൻ മിൽമ പോലൊരു സ്ഥാപനം എന്നാണ്. ഈ സാഹചര്യത്തിൽ ലിറ്റിൽ മാസികയിൽ 2002 മാർച്ച് ലക്കത്തിൽ വന്ന കുറിപ്പ് വീണ്ടും പ്രസിദ്ധീകരിക്കുന്നു.*

എല്ലാ സാമാന്യ മര്യാദകളെയും ഉപഭോക്തൃ നിയമങ്ങളെയും എന്തിന് നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ നിർദേശങ്ങളെ പോലും അനുസരിക്കാതെ കയറും പൊട്ടിച്ച് പായുന്ന മിൽമയെ തടയിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും മറ്റുമായി ശേഖരിക്കുന്ന പാലിന്റെ ഇരട്ടിയോ, അതിലേറെയോ പാൽ മിൽമ ദിവസേന വിതരണം ചെയ്യുന്നു. ശേഖരണവും വിതരണവും തമ്മിലുള്ള ഈ അന്തരം നികത്തുന്നത് ആന്ധ്ര, ഗുജറാത്ത് സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് വരുന്ന തരംതാണ പാൽപ്പൊടിയും, ബട്ടർ ഓയിലും വെള്ളവും പാലിനോടൊപ്പം മായമായി കൂട്ടിച്ചേർത്താണ്. പശു വളർത്തുന്നവന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കി പാൽവില കൂട്ടുന്ന മിൽമ മേൽപറഞ്ഞ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തെ ജനങ്ങളുടെ ഉപയോഗത്തിന്റെ പകുതിയോളം പാൽ സ്വന്തമായി ഉൽപാദിപ്പിക്കുകയും ലാഭം കൊയ്യുകയും ചെയ്യുന്നു. നാഷണൽ ഡയറി ഡവലപ്മെന്റിന്റെ നിർദേശങ്ങൾ വഴി ലക്ഷങ്ങൾ തിരിമറിയാണ് നടത്തുന്നത്. മിൽമയുടെ പരസ്യത്തിൽ ഉപയോഗിക്കുന്ന Don't Say Milk, Say Milma എന്ന പ്രയോഗം അർത്ഥവത്താണ്. മിൽമ ഇന്ന് വിതരണം ചെയ്യുന്ന മായം ചേർത്തതും പുളിച്ചതും, പിരിഞ്ഞുപോകുന്നതുമായ സാധനത്തെ പാലെന്ന് ഒരിക്കലും പറയരുത്, അതിനെ മിൽമ എന്നു തന്നെ വിളിക്കണം.

# മുറിഞ്ഞുപോവുന്ന വർത്തമാനം പറച്ചിലുകൾ

**അവിര**



*ഒരേ മനസ്സും, കണ്ണുകൾ തമ്മിലെ കൂട്ടിമുട്ടലും, മറ്റൊരാൾ പറഞ്ഞുതീരുന്നതുവരെ പുലർത്തുന്ന ക്ഷമയോടെയുള്ള കാത്തിരിപ്പ്, മൗനം, ഇടവേളകൾ, മുഖഭാവങ്ങളിലെ പകർച്ചകൾ ഇവയൊക്കെയാണ് നല്ല വർത്തമാനം പറച്ചിലിന്റെ ആത്മാവാകുന്നത്.*

ട്രെയിൻ യാത്രയ്ക്കിടെ കാണുന്ന പതിവ് കാഴ്ചകളാണ് ഹെഡ്ഫോൺ ചെവിയിൽ തിരുകി പാട്ട് കേൾക്കുന്നത്, ലാപ്ടോപ്പിലോ, നെറ്റ് ബുക്കിലോ കണ്ണ് പൂട്ടിയിരിക്കുന്നത്, അതുമല്ലെങ്കിൽ തന്നിലേക്ക് തന്നെ ചുരുണ്ടുകൂടിയിരിക്കുന്നവർ. ഒന്നിച്ച് ഒരു സമൂഹത്തിൽ ഇരിക്കുമ്പോഴും അവരവരുടേതായ ലോകത്ത് സ്വയം പിൻവലിഞ്ഞിരിക്കുന്നവർ. അടുത്തിരിക്കുന്നവരുമായി ഒരു തരത്തിലും കണ്ണുടക്കാതെ പരമാവധി അകലം പാലിച്ച് ഇരിക്കുന്നവർ. കണ്ണിൽ കണ്ണിൽ നോക്കി ആശയവിനിമയം നടത്തുന്ന സംഭാഷണങ്ങൾ നമ്മുടെ ജീവിതത്തിൽ നിന്ന് അകലുകയാണോ? മൊബൈലിലെ ടെക്സ്റ്റ് മെസ്സേജുകൾ, ഫേസ്ബുക്ക് ഹിറ്റുകൾ ഇവയൊക്കെ ഒരേസമയം മനസ്സും ശരീരവും ഒന്നിച്ചിരുന്ന് സൗഹൃദം പങ്കിടുന്ന നേരിട്ടുള്ള സംഭാഷണങ്ങൾ ഇല്ലാതാക്കുന്നു. ഓരോരുത്തർക്കും അവർ ഇഷ്ടമുള്ളപ്പോൾ തന്റെ കമന്റുകൾ പോസ്റ്റ് ചെയ്യാൻ, ടെക്സ്റ്റ് മെസ്സേജുകൾ സെന്റ് ചെയ്യാൻ സൗകര്യമുള്ളപ്പോൾ എന്തിന് വെറുതെ പരസ്പരം കണ്ട് സംസാരിച്ച് നേരം കളയണം?

ഒരു കാര്യം പറഞ്ഞുവരുമ്പോൾ തന്നെ കേൾക്കുന്നയാളിന് അക്ഷമ പെരുകുന്നു. 'പെട്ടെന്ന് പറഞ്ഞ് തുലയ്ക്ക്' എന്നാണ് അപ്പോൾ പറയുന്നത്. പിതാവിനോട് സ്കൂളിലെ കാര്യങ്ങൾ തന്റേതായ ഭാഷയിൽ ചാരുതയോടെ പതുക്കെ വിവരിക്കുന്ന മകനോടും പറയുന്നത് ഇതുതന്നെ 'വേഗം ചുരുക്കി ഉണ്ടായത് എന്താണെന്ന് പറ!' ഞാൻ പറയുന്നത് മുഴുവൻ കേൾക്കാൻ തയ്യാറില്ലെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല എന്ന് പലപ്പോഴും വിഷമത്തോടെ പറയുന്ന സന്ദർഭങ്ങൾ ധാരാളം. ചുരുക്കിപ്പറയൂ, കഥ കേൾക്കാൻ എനിക്ക് സമയമില്ല എന്നു പറയുന്ന പിതാവ് രാത്രി ഏറെ വൈകി ഇരുന്ന് ലാറ്റിനമേരിക്കയിലെ ഏതോ എഴുത്തുകാരൻ എഴുതിയ പേജ് കണക്കിന് കഥകൾ വായിച്ചിരിക്കുന്നു!

വർത്തമാനം പറച്ചിൽ അഥവാ സംഭാഷണം എന്നതും ഒരു കലയാണ്. വേണ്ട ആംഗ്യവിക്ഷേപങ്ങളോടെ, ശബ്ദക്രമീകരണങ്ങളോടെ, പ്രത്യേകമായ മുഖഭാവങ്ങളോടെ ആശയവിനിമയം ചെയ്യപ്പെടുന്ന ഒരു കല തന്നെയാണ് സംഭാഷണം. ഒരേ മനസ്സും, കണ്ണുകൾ തമ്മിലെ കൂട്ടിമുട്ടലും, മറ്റൊരാൾ പറഞ്ഞുതീരുന്നതുവരെ പുലർത്തുന്ന ക്ഷമയോടെയുള്ള കാത്തിരിപ്പ്, മൗനം, ഇടവേളകൾ, മുഖഭാവങ്ങളിലെ പകർച്ചകൾ......... ഇവയൊക്കെയാണ് നല്ല വർത്തമാനം പറച്ചിലിന്റെ ആത്മാവാകുന്നത്. നാം സംസാരിച്ച് തുടങ്ങുമ്പോഴും അപരൻ മൊബൈലിൽ നിന്ന് കണ്ണെടുക്കുന്നില്ല. മൊബൈലിലൂടെ തനിക്ക് വന്ന മെസ്സേജുകൾക്ക് മറുപടി അയക്കലും മെയിൽ നോക്കലും... അതോടെ നാം സംസാരം നിർത്തുകയായി. അല്ലെങ്കിൽ സംസാരത്തിന്റെ ഒഴുക്കും താളവും നഷ്ടപ്പെട്ട് തട്ടിത്തടഞ്ഞ് കെട്ടുപോവുന്നു. അങ്ങനെ ആത്മാവ് നഷ്ടമായ സംഭാഷണങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാവുന്നു.

---

ലളിതം

# ആരോഗ്യത്തിലേക്കുള്ള ജനാലവഴികൾ

**ലിമ ന്യൂസ് ഡെസ്ക്**

സ്വാഭാവികമായ വെന്റിലേഷൻ മാർഗ്ഗങ്ങൾ ആരോഗ്യമുള്ള മനസ്സിലേക്കും ശരീരത്തിലേക്കുമുള്ള വാതായനങ്ങൾ കൂടിയാണ്. പരമ്പരാഗതമായ നമ്മുടെ കെട്ടിടനിർമ്മാണ രീതികൾ ഇത്തരം വെന്റിലേഷൻ മാർഗ്ഗങ്ങൾ അവലംബിച്ച് പരമാവധി കാറ്റും വെളിച്ചവും അകത്ത് ഉറപ്പാക്കുമായിരുന്നു. പഴയ ചില തറവാടുകളിൽ കുസൃതി കാട്ടുന്ന കുട്ടികളെ കുറച്ചുനേരം ജനാലകൾ ഇല്ലാത്ത സ്റ്റോർ മുറികളിൽ നിർത്തിയായിരുന്നു ശിക്ഷ കൊടുത്തിരുന്നത് എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. കാറ്റും വെളിച്ചവും മതിയായ അളവിൽ കിട്ടാത്ത കുടുസ്സുമുറികളിൽ കഴിയുന്നത് ഏത് കാലത്തും ഒരു ശിക്ഷ തന്നെയാണ്. ശരിയായ സൂര്യപ്രകാശവും ശുദ്ധവായുവും ലഭിക്കാത്തപക്ഷം അത് ശാരീരികമായും മാനസികമായും ക്ഷീണിപ്പിക്കും. എന്നാൽ ഇന്ന് സ്വാഭാവികമായ വെന്റിലേഷൻ മാർഗ്ഗങ്ങൾക്കുപകരം കൃത്രിമമായ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്. വലിയ ഷോപ്പിംഗ് മാളുകളും മറ്റ് ബിസിനസ്സ് സ്ഥാപനങ്ങളും പൂർണ്ണമായും മെറ്റൽ ഷീറ്റുകൊണ്ടോ, ഫൈബർ ഗ്ലാസ്സുകൊണ്ടോ മൂടി ഒരു ജനൽ പോലും വെക്കാതെ ആണ് നിർമ്മാണം നടത്തുന്നത്. അകത്ത് എ.സി മുഴുവൻ സമയവും പ്രവർത്തിപ്പിച്ച് ആശ്വാസം കണ്ടെത്തുകയും ചെയ്യുന്നു. ചെറിയ ഇടത്തരം കച്ചവട സ്ഥാപനങ്ങൾ വരെ കണ്ണാടിക്കൂടുകൾ ഉണ്ടാക്കി വായുവിന്റെ സുഗമമായ സഞ്ചാരത്തെ തടയിടുന്നു. മണിക്കൂറുകളോളം വായസഞ്ചാരമില്ലാത്ത കണ്ണാടിക്കൂടുകളിൽ ഇരുന്ന് ജോലി ചെയ്യുന്നവർ മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി കൃത്രിമമായി അകത്ത് അന്തരീക്ഷം ക്രമീകരിച്ചുനിർത്താൻ എ.സി യും മറ്റും പ്രവർത്തിപ്പിക്കാൻ വൻ ഊർജ്ജ ഉപയോഗം വേണ്ടിവരുന്നു. നമ്മുടെ നാട്ടിലെ എഞ്ചിനീയർമാർ കെട്ടിടങ്ങളുടെ പുറമെ നിന്നുള്ള ഭംഗി മാത്രം കണക്കിലെടുത്ത് ആവശ്യമില്ലാത്ത എടുപ്പുകളും അലങ്കാരവർക്കുകളും ചെയ്ത് പണവും വിഭവവും ധൂർത്തടിക്കുമ്പോൾ ശുദ്ധവായുവും സ്വാഭാവിക വെളിച്ചവും പടിക്കുപുറത്താകുന്നു. അതിനാൽ വീടാണെങ്കിലും ജോലിസ്ഥലമാണെങ്കിലും നമ്മുടെ വാതിലുകളും ജനലുകളും കാറ്റും വെളിച്ചവും കടന്നുവരുന്ന വിധത്തിൽ ക്രമീകരിക്കുക. അങ്ങനെ ആരോഗ്യത്തിലേക്കുള്ള നൂറു വാതിലുകൾ തുറക്കട്ടെ.



# നിത്യജീവിതത്തിലെ രാഷ്ട്രീയം

**ബിജു ജോൺ**

*രാഷ്ട്രീയമായ നമ്മുടെ നിലപാടുകൾ കൂടുതൽ കൃത്യതയോടെ തെളിയേണ്ടത് നിത്യം പരിചയിക്കുന്ന സാധാരണ ജീവിതസന്ദർഭങ്ങളിലാണ്. സാധന സേവനങ്ങളുടെ ഉപഭോഗം, തൊഴിൽ, ആരോഗ്യശീലം, മതകർമ്മങ്ങൾ, പരിസരം, പാർപ്പിടം, മാധ്യമസമ്പർക്കം, കൂട്ടുകെട്ട്, കലാപ്രവർത്തനം, കുടുംബം, ഭക്ഷണം, വസ്ത്രധാരണം, ശരീരഭാഷ എന്നുവേണ്ട വ്യക്തിപരമായി തീരുമാനം എടുക്കേണ്ട ചെറുതും വലുതുമായ എല്ലാ സാഹചര്യങ്ങളിലും നാം എടുക്കുന്ന നിലപാടുകളിൽ നമുക്ക് നമ്മുടെ രാഷ്ട്രീയത്തെ ആവിഷ്കരിക്കാനാവും.*

തന്റെ വാഹനം ഉപേക്ഷിച്ച് കാൽനടക്കാരനായി മാറിയോ, യാത്രയ്ക്ക് പൊതുവാഹനം തിരഞ്ഞെടുത്തോ ഒരാൾ പ്രതികരിക്കുകയോ, പ്രതിരോധിക്കുകയോ ചെയ്യുമ്പോൾ അതിൽ പരോക്ഷമായി ഒരു രാഷ്ട്രീയ നിലപാടാണ് അടങ്ങിയിരിക്കുന്നത്. ഒരാൾ തന്റെ ജീവിതത്തിൽ എടുക്കുന്ന ചെറുതും വലുതുമായ തീരുമാനങ്ങൾ, തിരഞ്ഞെടുപ്പുകൾ, ചിലപ്പോൾ നിഷേധങ്ങളിൽ പോലും സൂക്ഷ്മമായി രാഷ്ട്രീയം കണ്ടെത്താം. പൊതുജീവിതത്തിലെന്ന പോലെ വ്യക്തിജീവിതത്തിലും രാഷ്ട്രീയ നിലപാടുകൾ കൊണ്ടുനടക്കാം. സത്യത്തിൽ പൊതുജീവിതത്തിൽ പ്രകടമാക്കുന്ന രാഷ്ട്രീയ നിലപാടുകളേക്കാൾ എന്തുകൊണ്ടും ശക്തവും ചലനാത്മകവുമായിരിക്കും ഒരാളുടെ വ്യക്തിജീവിതത്തിലെ രാഷ്ട്രീയ നിലപാടുകൾ. പൊതുജീവിതത്തിലെ രാഷ്ട്രീയം പ്രകടവും ഉപരിവിപ്ലവവുമാണ്. എന്നാൽ സ്വന്തം ജീവിതത്തെ നേരിട്ട് ബാധിക്കുന്ന ഏറ്റവും നിർണ്ണായകമായ ദൈനംദിന വ്യവഹാരങ്ങളിൽ കൃത്യമായ രാഷ്ട്രീയം വെച്ചുപുലർത്തുന്നത് പക്ഷേ ദുഷ്കരം തന്നെയാവും.

രാഷ്ട്രീയം എന്ന പ്രയോഗം തന്നെ സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിക്കപ്പെട്ട് അങ്ങേയറ്റം അർത്ഥവ്യതിയാനം സംഭവിച്ചിരിക്കുകയാണ്. ഇന്ത്യൻ സാഹചര്യത്തിൽ രാഷ്ട്രീയം എന്ന പദത്തേക്കാൾ ആ സ്ഥാനത്ത് കക്ഷിരാഷ്ട്രീയം (Party Politics) എന്ന വാക്കാണ് പകരമുപയോഗിക്കേണ്ടത് എന്നാണ് തോന്നുന്നത്. രാഷ്ട്രമീമാംസ പഠിക്കുന്ന വിദ്യാർത്ഥികൾ അർത്ഥമാക്കുന്ന ഒരു അർത്ഥതലമല്ല സത്യത്തിൽ രാഷ്ട്രീയം എന്ന അവകാശവാദത്തോടെ ഇന്ന് നടമാടുന്ന കക്ഷിരാഷ്ട്രീയത്തിനുള്ളത്. രാഷ്ട്രീയപാർട്ടികളുടെ വ്യവഹാരമേഖലയായി മാത്രം രാഷ്ട്രീയ പ്രവർത്തനം പരിമിതപ്പെടുകയോ അധഃപതിക്കുകയോ ചെയ്തിരിക്കുന്നു. താഴെത്തട്ടിൽ പോസ്റ്ററൊട്ടിക്കൽ മുതൽ മേലെത്തട്ടിൽ മന്ത്രിപ്പണി വരെയുള്ള കാര്യങ്ങളാണ്, രാഷ്ട്രീയപ്രവർത്തനമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് എന്നു തോന്നുന്നു. മാഫിയ, അഴിമതി... തുടങ്ങിയവയുടെയൊക്കെ പര്യായപദം പോലെയും രാഷ്ട്രീയപ്രവർത്തനം വ്യവഹരിക്കപ്പെടുകയാണ്.അടുത്തകാലത്ത് മാധ്യമങ്ങളിൽ വന്ന രാഷ്ട്രീയക്കാർ കഥാപാത്രങ്ങളായി വന്ന അസംബന്ധ നാടകങ്ങൾ മാത്രം മതി മേൽ കാര്യങ്ങളെ സാധൂകരിക്കോൻ.

മേൽപറഞ്ഞ രീതിയിൽ രാഷ്ട്രീയം, രാഷ്ട്രീയപ്രവർത്തനം എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഒരു അശ്ലീലം പോലെയോ, ജനവിരുദ്ധമായ ഒരു ക്ലീഷേ സംജ്ഞയായോ പോലും പൊതുസമൂഹത്തിൽ അപഹസിക്കപ്പെടുന്നതുകൊണ്ടാണ് വികസനത്തിലും ജനകീയപ്രശ്നങ്ങളിലും, മതത്തിലും കലയിലും ഒന്നും തന്നെ രാഷ്ട്രീയം കടന്നുകൂടാൻ പാടില്ലെന്ന ശാഠ്യം ഉണ്ടാവുന്നത്. വന്ന് വന്ന് എല്ലാം രാഷ്ട്രീയ നിരപേക്ഷം ആവുകയാണ് വേണ്ടത് എന്ന വാദം പോലും ഉരുത്തിരിയുന്നു. പൊതുജീവിതത്തിലും വ്യക്തിജീവിതത്തിലും രാഷ്ട്രീയ നിലപാടുകൾ ഉണ്ടാവുകയെന്നത് പാർലമെന്ററി ജനാധിപത്യം പുലരുന്ന ഒരു സമൂഹത്തിൽ ഏറ്റവും അഭികാമ്യമാണ്.

വ്യക്തിയും അയാളുടെ ദൈനംദിന ജീവിത വ്യവഹാരങ്ങളുമായി രാഷ്ട്രീയത്തെ ബന്ധപ്പെടുത്തി പൊതുവെ ആലോചനകൾ ഉണ്ടാവാറില്ല. വ്യക്തിയും അയാളുടെ വൈയക്തിക പ്രശ്നങ്ങളും രാഷ്ട്രീയ പ്രവർത്തിക്കുന്നതോ മാത്രമാണ് ഒരു സാധാരണ പൗരൻ സ്വീകരിക്കാവുന്ന രാഷ്ട്രീയ നിലപാടുകൾ എന്നത് നിരാകരിക്കേണ്ട ഒരു വാദം തന്നെയാണ്. ഒരു സാധാരണ പൗരന് രാഷ്ട്രീയ ഇടപെടലിന്റെ വേദിയും അവസരവും ലഭിക്കുന്നത് തന്റെ തന്നെ സാധാരണ ദൈനംദിന ജീവിത ഇടപെടലുകളാണ്. പാർലമെന്ററി ജനാധിപത്യത്തിൽ ലെജിസ്ലേറ്റീവ് അസംബ്ലി എന്ന നിയമ നിർമ്മാണസഭയിലേക്ക് പ്രതിനിധിയെ തിരഞ്ഞെടുക്കുവാൻ പൗരന് വോട്ടവകാശം ലഭിക്കുന്നത് അഞ്ച് വർഷത്തിൽ ഒരിക്കൽ മാത്രം. ചില വിദേശ രാജ്യങ്ങളിലാണെങ്കിൽ റഫറണ്ടം പോലുള്ള ഇടക്കാല ഹിതപരിശോധനകൾ കൂടി പൗരന് ലഭ്യമാണ്. വോട്ടവകാശം വിനിയോഗിക്കലോ രാഷ്ട്രീയപാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കുന്നതോ മാത്രമല്ലാതെ തന്റെ ദൈനംദിന ജീവിതത്തിലെ എണ്ണമറ്റതും ചെറുതും വലുതുമായ തീരുമാനങ്ങളിലൂടെ ഒരു രാഷ്ട്രീയ നിലപാട് വെളിപ്പെടുത്തുവാനും രാഷ്ട്രീയ ഇടപെടലിനും കൂടി ഒരു പൗരന് സാധിക്കേണ്ടതാണ്.˜. തന്റെ ജീവിതത്തിൽ നിത്യേന എടുക്കേണ്ട നിരവധി തീരുമാനങ്ങളിലൂടെയല്ലാതെ കേവലം പ്രതീകാത്മക സമരങ്ങളിലൂടെയും പ്രതിഷേധ നടപടികളിലൂടെയും മാത്രം രാഷ്ട്രീയപ്രവർത്തനം നടത്തുന്നതെങ്ങനെ? ഇന്നത്തെ കക്ഷിരാഷ്ട്രീയത്തിന്റെ പ്രധാന അപചയം അത് ജീവിതത്തിൽ പകർത്താത്ത മൂല്യങ്ങൾ തെരുവിൽ ചെണ്ടകൊട്ടി പ്രഘോഷിക്കുന്നു എന്നതാണ്. നിലപാടുകൾ കേവലം മുദ്രാവാക്യങ്ങളിൽ മാത്രം മതിയെന്നാണ് കക്ഷിരാഷ്ട്രീയ പ്രവർത്തനത്തിലെ നടപ്പുരീതി. അടുത്ത കാലത്തെ ഏറ്റവും വിവാദമായിത്തീർന്നിട്ടുള്ള സ്വാശ്രയവിദ്യാഭ്യാസത്തിന്റെ കാര്യമെടുക്കുക. സ്വകാര്യ മാനേജ്മെന്റുകളുടെ നിലപാടുകളോട് നിരന്തരം സമരത്തിൽ ഏർപ്പെടുന്ന രാഷ്ട്രീയപാർട്ടികളുടെ നേതാക്കൻമാർ തന്നെ ഭീമമായ തുക നൽകി പിൻവാതിൽ പ്രവേശനത്തിന് മുതിർന്നതിനെ മാത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതെന്തോ

ക്കെയാണ്?

സത്യത്തിൽ രാഷ്ട്രീയമായ നമ്മുടെ നിലപാടുകൾ കൂടുതൽ കൃത്യതയോടെ തെളിയേണ്ടത് നിത്യം പരിചയിക്കുന്ന സാധാരണ ജീവിതസന്ദർഭങ്ങളിലാണ്. ഒരാളുടെ സ്വഭാവത്തിലെ സത്യസന്ധതയും നിലപാടുകളിലെ സ്ഥൈര്യവും തിരിച്ചറിയാൻ അയാളുടെ ദൈനംദിന ജീവിതം പരിശോധിച്ചാൽ മതി. സാധന സേവനങ്ങളുടെ ഉപഭോഗം, തൊഴിൽ, ആരോഗ്യശീലം, മതകർമ്മങ്ങൾ, പരിസരം, പാർപ്പിടം, മാധ്യമസമ്പർക്കം, കൂട്ടുകെട്ട്, കലാപ്രവർത്തനം, കുടുംബം, ഭക്ഷണം, വസ്ത്രധാരണം, ശരീരഭാഷ എന്നുവേണ്ട വ്യക്തിപരമായി തീരുമാനം എടുക്കേണ്ട ചെറുതും വലുതുമായ എല്ലാ സാഹചര്യങ്ങളിലും നാം എടുക്കുന്ന നിലപാടുകളിൽ നമുക്ക് നമ്മുടെ രാഷ്ട്രീയത്തെ ആവിഷ്കരിക്കാനാവും. നമ്മുടെ രാഷ്ട്രീയബോധത്തിന്റെ പ്രകാശനവേളകൾ തന്നെയാണ് ഷോപ്പിംഗ് ശീലങ്ങളുടെ ഭാഗമായ വാങ്ങലുകളും കൊടുക്കലുകളും. വിപണിയുടെ ആസുരതകളെയും പ്രലോഭനങ്ങളെയും നമ്മുടെ ഉപഭോഗം കൊണ്ടും പ്രതിരോധിക്കാം. നമ്മുടെ പ്രമുഖരായ രാഷ്ട്രീയ നേതാക്കൻമാരുടെ ജീവിതശൈലി സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തിജീവിതത്തിലും അവരുടെ ദൈനംദിന ഇടപെടലുകളിലും അവരുടെ രാഷ്ട്രീയം കടന്നുവരുന്നേയില്ലെന്ന് കാണാൻ കഴിയും.

മറ്റു പല കാര്യങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും ഗാന്ധിജിയുടെ മാതൃക നോക്കുക. സ്വദേശി പ്രസ്ഥാനമായാലും വിദേശ ഉൽപന്നങ്ങളുടെ ബഹിഷ്കരണമായാലും നിത്യജീവിതത്തിൽ എടുക്കാവുന്ന ഉപഭോഗം പോലുള്ള വ്യക്തിപരമായ തീരുമാനങ്ങൾക്കാണ് അദ്ദേഹം ഊന്നൽ നൽകിയത്. സ്വന്തമായി നൂൽ നൂറ്റും, ഉപ്പ് നിർമ്മിച്ചും, നിസ്സഹകരിച്ചും, ചിലപ്പോൾ മൗനം അവലംബിച്ചുപോലും ദൈനംദിന രാഷ്ട്രീയത്തിന്റെ പ്രായോഗിക വഴികൾ കാണിച്ചു തന്നത് മഹാത്മാഗാന്ധിയാണ്. സ്വന്തം കൈകൊണ്ട് നൂൽക്കുന്ന ചർക്കയെ വീട്ടിലിരുന്ന് പ്രവർത്തിപ്പിക്കുന്ന ശക്തമായ സമരായുധമായി ഗാന്ധിജി അവതരിപ്പിച്ചു. ഈ കാലത്തും പുതിയ മൂലധന ശക്തികളോട് പോരാടാൻ വ്യക്തിയുടെ തലത്തിൽ സ്വന്തം വീട്ടിലിരുന്നും പ്രതിരോധം തീർക്കാൻ ചർക്കയുടെ മാതൃക നമുക്കവലംബിക്കാവുന്നതാണ്.

നിത്യജീവിതത്തിൽ എടുക്കാവുന്ന രാഷ്ട്രീയ തീരുമാനങ്ങൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ സാന്ദർഭികമായി സൂചിപ്പിക്കാം. ഭോപ്പാൽ ദുരന്തത്തിന് കാരണക്കാരായ യൂണിയൻ കാർബൈഡ് നിർമ്മിക്കുന്ന എവറഡി ബാറ്ററികൾ എന്നന്നേക്കുമായി ബഹിഷ്കരിച്ച് പ്രതിഷേധിക്കുന്നവരുണ്ട്. പതിവായി സ്വദേശി ഉൽപന്നങ്ങളും പ്രാദേശികമായി ലഭ്യമായ സാധനങ്ങളും സേവനങ്ങളും മാത്രം വാങ്ങുന്നവരും അധാർമ്മികതയുടെ വഴിയിൽ നടക്കുന്ന സ്ഥാപനത്തിൽ കുട്ടിയെ വിദ്യാഭ്യാസത്തിന് പറഞ്ഞയക്കില്ലെന്ന് തീരുമാനിക്കുന്നവരും വലിയ ഷോപ്പിംഗ് മാളിന് പകരം വീടിനടുത്തുള്ള ചെറുകിട വിൽപ്പനശാലയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിനും വലിയ ഫാസ്റ്റ് ഫുഡ് ഭക്ഷണശാലയ്ക്കുപകരം വീട്ടിലെത്തി പലഹാരങ്ങൾ വിൽക്കുന്നവരിൽ നിന്നും ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിലും ഒക്കെ ഉപഭോഗത്തിലെ തീരുമാനങ്ങൾ കൊണ്ട് മൂലധനശക്തികൾക്കെതിരെയുള്ള രാഷ്ട്രീയ പ്രതികരണങ്ങൾ നടത്തുന്നവരാണ്. പഴയ സാമ്രാജ്യത്വ-കോളനി ശക്തികൾക്കുപകരം കോർപറേറ്റ് ഭീമൻമാർ നമ്മുടെ രാഷ്ട്രീയത്തെ തന്നെ പിടിമുറുക്കുമ്പോൾ നിത്യജീവിതത്തിലെ എണ്ണമറ്റ ചെറുതും വലുതുമായ തീരുമാനങ്ങൾ കൊണ്ട് അവയെ പ്രതിരോധിക്കുമ്പോഴാണ് ശരിയായ രാഷ്ട്രീയ നിലപാടായി അത് പരിണമിക്കുന്നത്. നിത്യജീവിതത്തിൽ എടുക്കാവുന്ന രാഷ്ട്രീയ തീരുമാനങ്ങൾക്ക് വലിയ ചലനങ്ങൾ തന്നെ ഉണ്ടാക്കാനാവും.

---

*ചായക്കടയിലേക്കു വരൂ.....തുടർച്ച*

വാലിയും സന്ദർശിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് അഷ്റഫ്.

## വനിതാ-യൂത്ത് ക്ലബ്ബ്

സ്ത്രീകൾക്കിടയിൽ സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമന്വയം വനിതാ-യൂത്ത് ക്ലബ്ബ് എന്ന പേരിൽ ഒരു വേദി ഉണ്ടാക്കുന്നത്. നിയമബോധവൽക്കരണം, പാരന്റിംഗ് തുടങ്ങിയ വിഷയങ്ങളിലൂടെയാണ് തുടക്കമെങ്കിലും പിന്നീട് മറ്റ് പ്രവർത്തനങ്ങളിലേക്ക് കൂടി കടന്നു. സമന്വയം ആരംഭിച്ച പദ്ധതിയിലൂടെ ഇരുപത് വനിതകൾ ടൈലറിംഗ് പരിശീലനം പൂർത്തീകരിച്ച് യൂണിറ്റായി പ്രവർത്തിച്ചു വരുന്നു.

## പഠനവീട്

വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായിരുന്നു പുതുക്കാട്. നാലാം ക്ലാസ് വരെ മാത്രമുള്ള ഒരു സ്കൂളാണ് ഇവിടെയുള്ള ഏക വിദ്യാഭ്യാസ സ്ഥാപനം. അതുകൊണ്ടുതന്നെ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് വളരെ കൂടുതലായിരുന്നു. പ്രത്യേകിച്ച് ആദിവാസി, മുസ്ലിം മേഖലയിൽ നിന്നുള്ള കുട്ടികൾ. ഇത് മനസ്സിലാക്കിക്കൊണ്ടുള്ള ഇടപെടൽ അഷ്റഫ് നടത്തിവരുന്നുണ്ട്. 'സ്കൂൾ ഫോളോ അപ്' എന്ന് പേരിട്ടിട്ടുള്ള ഈ പദ്ധതിക്ക് അദ്ധ്യാപകരുടെയും പിന്തുണയുണ്ട്. അവധി ദിവസങ്ങളിലും വൈകുന്നേരങ്ങളിലുമെല്ലാം കുട്ടികൾ ഒന്നിച്ച് പഠിക്കാനവസരം നൽകുന്ന പഠനവീട് പദ്ധതി അഷ്റഫ് ആവിഷ്കരിച്ചത് ഈ ഉദ്ദേശത്തോടെയാണ്.ഫേസ് ബുക്ക് കൂട്ടായ്മയിലൂടെ സ്വരൂക്കൂട്ടിയ ധനമുപയോഗിച്ച് കഴിഞ്ഞ അധ്യയനവർഷം 35 ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകാനായി എന്ന് അഷ്റഫ് ഓർക്കുന്നു.

ചെറിയ ശ്രമങ്ങൾക്കു പോലും അനർഹമായ പ്രസിദ്ധിയും അംഗീകാരവും കിട്ടുന്ന ഇക്കാലത്തും അഷ്റഫിന്റെ വേറിട്ട ശ്രമങ്ങളെ മാധ്യമങ്ങളും പുറംലോകവുമൊക്കെ വേണ്ടവണ്ണം പരിഗണിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. അതൊന്നും പക്ഷേ ജീവിതമാർഗ്ഗമായ ചായക്കടയുടെ പകുതി ഇടവും വരുമാനത്തിന്റെ മുക്കാൽപങ്കും സമന്വയത്തിന് നൽകിയ അഷ്റഫിനെ വിഷമിപ്പിക്കുന്നില്ല. ഈ റിപ്പോർട്ട് തന്നെ തയ്യാറാക്കാനായി ബന്ധപ്പെട്ടപ്പോൾ അഷ്റഫ് ഒന്നു മടിച്ചു: അതു വേണോ ഭായ്. നമ്മളിങ്ങനെ നമ്മുടെ വഴിയിൽ ഓരോരോ ശ്രമങ്ങൾ നടത്തിനോക്കുന്നുവെന്നല്ലേ ഉള്ളൂ..

അതെ നൻമയോടും ലാളിത്യത്തോടുമുള്ള ആഭിമുഖ്യം തന്നെയാണ് എക്കാലത്തും മനുഷ്യരെ വ്യത്യസ്തമാക്കുന്നത്. കടുപ്പത്തിലൊരു ചായകുടിച്ച് ഇറങ്ങാൻ നേരം അഷ്റഫിനോട് ചോദിച്ചു: ഇത് ചായക്കടയിലൊരു വായനശാലയോ, വായനശാലയിൽ ചായക്കടയോ?

രണ്ടിനും ഇക്കാലത്ത് അതാതിന്റെ ധർമ്മമുണ്ട് എന്നായിരുന്നു അഷ്റഫിന്റെ മറുപടി

*അഷ്റഫലിയുടെ വിലാസം-സമവായം ഗ്രന്ഥശാല,റിപ്പൺ,പുതുക്കാട്,മേപ്പാടി-673573*
*ഫോൺ-9447546413,9744123562*

**കോഴിക്കോട് ആകാശവാണി നിലയം 'വയലും വീടും' പരിപാടിയിൽ ഇക്കഴിഞ്ഞ മാർച്ച് 4 ന് പ്രക്ഷേപണം ചെയ്തതിന്റെ ശബ്ദരേഖ:**

# പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കാൻ

പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിൽ വേറിട്ട വഴികൾ കണ്ടെത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്ന കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിൽ, ഇതിനു നേതൃത്വം നൽകുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഇ. അയ്യൂബുമായി നടത്തിയ അഭിമുഖം..

കോഴിക്കോട് ആകാശവാണി നിലയം 'വയലും വീടും' പരിപാടിയിൽ ഇക്കഴിഞ്ഞ മാർച്ച് 4 ന് പ്രക്ഷേപണം ചെയ്തതിന്റെ ശബ്ദരേഖ:

***പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് എന്താണ് നിങ്ങളുടെ പ്രവർത്തനം?***

ഒരു സാമ്പിൾ പ്രോജക്ടാണിത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കാതെയും പരക്കെ വലിച്ചെറിയാതെയും എങ്ങനെ പരിഹാരം കാണാം എന്നതിനുള്ള ഒരു ശ്രമം. 178 വീടുകളിൽ ആണ് ആദ്യം സാമ്പിൾ ആയി തുടങ്ങിയത്.

***താങ്കളുടെ ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലുമൊരു വാർഡിൽ ആണോ ഇതു തുടങ്ങിയത്?***

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡ് ഒതയംചാൽ വാർഡിന്റെ ഒരു ഭാഗത്തെ 178 വീടുകൾ കേന്ദ്രീകരിച്ചാണ് തുടങ്ങിയത്. ഇതിന് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ പ്രോജക്ടോ അംഗീകാരമോ ഇല്ലാത്തതുകൊണ്ട് വാർഡ് ഹെൽത്ത് ആന്റ് സാനിറ്റേഷൻ ഫണ്ട് എടുത്തുകൊണ്ട് തുടങ്ങി. വീടുകൾക്ക് ഓരോ ചാക്കുകൾ നൽകി. ഇതിൽ വീട്ടുകാരോട് കവറുകൾ നിക്ഷേപിക്കാൻ നിർദേശിച്ചു. ഇറച്ചിയും മീനും വരുന്ന കവറുകൾ ഒന്നു കഴുകി ഉണക്കിയതിനുശേഷം വേണം ചാക്കിൽ നിക്ഷേപിക്കാൻ. ഒരു വീട്ടിൽ ദിവസത്തിൽ ഏറ്റവും ചുരുങ്ങിയത് പത്ത് പ്ലാസ്റ്റിക് കവറെങ്കിലും എത്തുന്നുണ്ട്.

സിൽവർ കോട്ടിംഗുള്ള കവർ ഒരു കമ്പനിയും റീസൈക്കിൾ ചെയ്യാത്തതുകൊണ്ട് പ്രയാസം ഉണ്ടാകുന്നുണ്ട്. ഇത് 15% വരും. അതല്ലാത്ത 85% പ്ലാസ്റ്റിക് വേസ്റ്റുകളും പല സാമഗ്രികളും നിർമ്മിക്കാനായി റീസൈക്കിൾ യൂണിറ്റുകാർ എടുക്കുന്നുണ്ട്.

***നിങ്ങളിത് വീട്ടിൽ പോയി ശേഖരിക്കുകയാണോ ചെയ്യുന്നത്?***

ഓരോ വീടുകളിലും ഓരോ ബാഗ് നൽകി. അതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കാൻ ആവശ്യമായ നിർദേശങ്ങൾ നോട്ടീസ് വഴി നൽകി. ഒന്നര മാസത്തിനുള്ളിൽ ഈ ബാഗ് നിറഞ്ഞു. ഓരോ വീട്ടുകാരും 10 രൂപ നൽകണം. ബാഗുകൾ വീടുകളിൽ നിന്ന് ശേഖരിക്കാൻ കുടുംബശ്രീ സന്നദ്ധ പ്രവർത്തകർ രണ്ടു പേർ തയ്യാറായി വന്നിട്ടുണ്ട്. അവർക്ക് ചെറിയൊരു വേതനം നൽകാൻ ഈ ഫണ്ട് ഉപയോഗിക്കാം.

ഇങ്ങനെ ശേഖരിച്ച വേസ്റ്റ് ഒരു ഷെഡ്ഡിൽ സൂക്ഷിച്ച് ഒരു വണ്ടിയിൽ കൊണ്ടുപോകാൻ മാത്രം ആകുമ്പോൾ കോഴിക്കോടുള്ള പ്ലാസ്റ്റിക് കമ്പനികൾക്ക് എത്തിച്ചുകൊടുക്കും. കിട്ടുന്ന തുക ചിലവുകൾക്ക് ഉപയോഗിക്കാം.

***സംസ്കരണം നിങ്ങൾ നടത്തുന്നില്ല അല്ലേ?***

സംസ്കരണം വലിയൊരു പ്രശ്നമാണ്. അതിന് സാമ്പത്തിക ചിലവുമുണ്ട്. ഇവിടെ ഞങ്ങൾക്ക് യന്ത്രസാമഗ്രികളോ വൈദ്യുതിയോ സാങ്കേതിക വിദഗ്ദ്ധരോ ആവശ്യമില്ല. 10 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള ഒരു ഷെഡ് നിർമ്മിച്ചിട്ടുണ്ട്. അവിടെവെച്ച് ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളെ വേർതിരിക്കുന്നു.

പ്ലാസ്റ്റിക് മൈക്രോൺ നോക്കി ഇനം തിരിച്ച് സി.എഫ്.എൽ, ബൾബ്, കുപ്പികൾ, ചെരിപ്പുകൾ എന്നിവയും വേർതിരിച്ച് ഓരോ ഇനങ്ങളും എടുക്കുന്ന കമ്പനികൾക്ക് എത്തിച്ചുകൊടുക്കുകയാണ് ചെയ്യുക. ഒരു ടണ്ണിൽ കൂടുതൽ വേസ്റ്റ് ഉണ്ടെങ്കിൽ കമ്പനിക്കാരെ അറിയിച്ചാൽ അവർ വാഹനവുമായി വന്ന് കാശ് തന്ന് കൊണ്ടുപോകും.

***ജനങ്ങളുടെ പ്രതികരണം എങ്ങനെയുണ്ട്?***

90% ആളുകൾ ഇതിനോട് സഹകരിക്കാൻ തയ്യാറാണ്. 10 രൂപ തരാൻ വിസമ്മതിക്കുന്ന 10% വീട്ടുകാരുണ്ട്. പഞ്ചായത്ത് ഒരു പ്രൊജക്ട് വെച്ച് ഒരു മാസം ഒരാൾക്ക് 3,000/- രൂപ വെച്ച് നൽകിയാൽ പദ്ധതി നന്നായി നടക്കും. ഒരു വണ്ടിയും വാങ്ങിക്കൊടുത്താൽ 10 പേരടങ്ങുന്ന ഒരു കുടുംബശ്രീ ടീം ഇക്കാര്യം ഭംഗിയായി ചെയ്തുകൊള്ളും. പഞ്ചായത്ത് ഇതിനായി ഫണ്ട് നീക്കിവെച്ചാൽ വലിയൊരു സാമ്പത്തിക ബാധ്യതയില്ലാതെ കാര്യം നടക്കും.

റീസൈക്കിൾ ചെയ്യാൻ പറ്റാത്ത 15% വേസ്റ്റ് അപകടരഹിതമായ ഇൻസിനറേറ്റർ വഴി സംസ്കരിക്കാം. ഇൻസിനറേറ്റർ അടക്കം ഈയൊരു പദ്ധതി നടപ്പിലാക്കാൻ ഒരു പഞ്ചായത്തിന് 20 ലക്ഷം രൂപയേ പരമാവധി ചിലവു വരൂ.

***ഒരു ഹെൽത്ത് ഇൻസ്പെക്ടർ ആയ താങ്കൾ ഇത്തരമൊരു പരിപാടിയിലേക്ക് വരാനുള്ള പ്രചോദനം?***

എന്റെ ജോലിയുടെ ഭാഗം തന്നെയാണീ പരിസരശുചിത്വവും ഫീൽഡിൽ പോകുമ്പോൾ ആളുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതും തോട്ടിൽ കൊണ്ടുപോയിടുന്നതും കണ്ടിട്ടുണ്ട്. ജൈവമാലിന്യങ്ങൾ വളമാക്കാനും ഇന്ധനമാക്കാനുമൊക്കെ സംവിധാനമുണ്ട്. പ്ലാസ്റ്റിക് വേസ്റ്റിന് ഇങ്ങനെയൊരു രീതി കൊണ്ടുവന്നാൽ ആളുകൾ ഇതു പാലിച്ചുകൊള്ളും. ഏതാനും പേർക്ക് വരുമാനമാർഗ്ഗവുമാകും.

***ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗം എങ്ങനെയാണ്?***

പൈപ്പ്, ടാങ്ക്, കസേര തുടങ്ങിയ സാധനങ്ങൾ ഉണ്ടാക്കാൻ പ്ലാസ്റ്റിക് വേസ്റ്റുകൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നുണ്ട്. കവറുകളെ എച്ച്.എം (പഞ്ചസാരയും മറ്റും പായ്ക്കു ചെയ്യുന്നത്), എൽ.ഡി, പി.പി. എച്ച്.ഡി എന്നിങ്ങനെ ഇനം തിരിച്ചാൽ കമ്പനികൾ വന്നു കൊണ്ടുപോകും. കോഴിക്കോട് നഗരത്തിൽ മാത്രം ആറു കച്ചവടക്കാർ ഉണ്ട് ഇതു വാങ്ങാൻ.

## വീടുനിർമ്മാണം: ചില ചിന്തകൾ

കേരളത്തിൽ ആൾത്താമസമില്ലാതെ അടഞ്ഞുകിടക്കുന്ന വീടുകൾ 11 ലക്ഷമാണ്. ഇവയ്ക്കൊരു പരിഹാരം കണ്ടാൽ തന്നെ കേരളത്തിന്റെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയും.

*-കോഴിക്കോട് ജില്ലാ കലക്ടർ മോഹൻകുമാർ*

നമ്മുടെ നാട്ടിലെ അത്യാഡംബര വീടുകൾ മിക്കതിലും താമസക്കാർ തോട്ടക്കാരനും വാച്ച്മാനുമാണ്.

**-ശില്പി കാനായി കുഞ്ഞിരാമൻ**

# പരസ്യങ്ങളില്ലാതെ

വരിസംഖ്യയുമില്ലാതെ ഒരു പ്രസിദ്ധീകരണത്തിന് എത്രകാലം പിടിച്ചുനിൽക്കാൻ കഴിയും.?
അതിനാൽ വരി സംഖ്യ അയക്കുക.
ലിറ്റിൽ മാസിക തുടർന്ന് ലഭിക്കാൻ കത്തിലൂടയോ ഫോണിലൂടെയോ ആവശ്യപ്പെടാത്തവർക്ക് മാസിക അയക്കുന്നതല്ല.

**൱100 രൂപയോ സംഭാവനകളോ അയച്ചുതന്നും വരിസംഖ്യ പുതുക്കിയും വരിക്കാരാകാൻ താല്പര്യമുള്ളവരുടെ വിലാസങ്ങൾ അയച്ചുതന്നും സഹകരിക്കാം.**

**സംഭാവനകളും വരിസംഖ്യയും ബാങ്ക് മുഖേനയും അയക്കാം.**
***കാനറാ ബാങ്ക് എടക്കര അക്കൗ.നം. 0857101067932***


ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ-679334

## ജൈവ അരി കിട്ടാൻ

സ്വാദിഷ്ടമായ കഞ്ഞിക്ക് ചേറ്റാടി നാടൻ നെല്ലിന്റെ ജൈവ അരി ഇപ്പോൾ ലഭ്യമാണ്.

ബന്ധപ്പെടുക: കരീം കെ.പുറം, പുത്തൻചിറ, തൃശ്ശൂർഫോൺ: 9495040513

**പിഷാലച്ചോട്...** –ശ്രീനി 2d




***നിങ്ങൾ ഈ പ്രോജക്ട് നടപ്പിലാക്കാൻ ബോധവൽക്കരണം നടത്തിയിരുന്നോ?***

ആദ്യം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പ്രശ്നങ്ങളെ കുറിച്ചും അത് സംസ്കരിക്കേണ്ട രീതികളെ കുറിച്ചും ബോധവൽക്കരണം നടത്തി. ഇതിനൊരു സമിതിയുണ്ടാക്കിയിരുന്നു.

***പദ്ധതി തുടങ്ങിയിട്ട് എത്ര നാളായി? എങ്ങനെയായിരുന്നു തുടക്കത്തിലെ കാര്യങ്ങൾ?***

ആറ് മാസമായി. ആദ്യഘട്ടത്തിൽ 110 വീടുകളിൽ നിന്ന് 100 രൂപ വീതം വാങ്ങി വേസ്റ്റ് നിറഞ്ഞ ബാഗുകൾ ശേഖരിച്ചു. പിന്നീട് ബാക്കി വീടുകളും. 10 രൂപ തരാൻ പലർക്കും പ്രശ്നമാണ്. ശേഖരിക്കുന്ന രണ്ടുപേർക്ക് മതിയായ വേതനമാകുന്നില്ല. ശരിയായ രീതിയിൽ നടപ്പിൽ വരുത്തിയാൽ പദ്ധതി വിജയിക്കുമെന്നുറപ്പാണ്. കേരള ശുചിത്വ മിഷനും സർക്കാരും ഇക്കാര്യത്തിൽ സാമ്പത്തിക പിന്തുണ നൽകണം. ഷെഡ്ഡ് നിർമ്മിക്കാനും വാഹനം വാങ്ങാനും ഇന്ധനത്തിനും മറ്റും പിന്തുണ നൽകിയാൽ എല്ലായിടത്തും ഇതു പ്രാവർത്തികമാക്കാം.

***വേസ്റ്റ് ശേഖരിച്ചാൽ കൊണ്ടുപോകാൻ ആളുണ്ടാകുമെന്നുറപ്പാണോ?***

ഉറപ്പാണ്. ഈ കമ്പനികൾക്ക് മിനിമം 10 ടൺ പ്ലാസ്റ്റിക് വേസ്റ്റ് വേണം. അവരിത് വന്ന് കൊണ്ടുപോകും. ടൈലറിംഗ് വേസ്റ്റ് കൊണ്ടുപോകാനും ആളുണ്ട്. ഞാൻ മനസ്സിലാക്കിയത് ബാർബർ ഷോപ്പിലെ മുടി കൊണ്ടുപോകാൻ നിലവിൽ ആളില്ല. 12 വർഷം മുമ്പ് ഇതു കൊണ്ടുപോകാൻ ആളു വന്നിരുന്നു. ഇപ്പോൾ വരുന്നില്ല. അന്ന് പോണ്ടിച്ചേരി, മദ്രാസ് എന്നിവിടങ്ങളിലെ പ്രോച്ചം ഇന്ത്യ ലിമിറ്റഡ് കമ്പനി അമിനോ ആസിഡ് ഉൽപാദിപ്പിക്കാനായി മുടി കൊണ്ടുപോയിരുന്നു. ഈ കമ്പനി പൂട്ടിപ്പോയതോടെ മുടിയെടുക്കാൻ ആവശ്യക്കാരില്ലാതായി.

***മാലിന്യ നിർമ്മാർജ്ജനത്തിൽ ജനങ്ങൾ എന്തൊക്കെ ശ്രദ്ധിക്കണം?***

പരമാവധി മാലിന്യങ്ങൾ കുറയ്ക്കുക. പിന്നെ പ്ലാസ്റ്റിക്കിന്റെ കാര്യത്തിൽ '5 R'പാലിക്കുക. i.e. Refuse, Reject, Reduce, Re use, Recycle.

**മരപ്രേമികളുടെ സംഗമം.**
**2013 മെയ് 26**
**തൃശ്ശൂരിൽ**


40,000 മരത്തൈകൾ നട്ട വിദ്യാധരൻ ചേർത്തല മുഖ്യാഥിതിയായി പങ്കെടുക്കുന്നു.
*വിവരങ്ങൾക്ക് വിളിക്കാം*
*9895148998*

ലിറ്റിൽ മാസിക മർച്ച്, ഏപ്രിൽ ലക്കങ്ങൾ ഇറങ്ങിയില്ല.

– *എഡിറ്റർ*

Rs.10/- Little Masika May 2013 Reg No. RN67322 /94
Postal Reg.No.KL/MJI/82/2013-15

# ഇറോം ശർമ്മിളയുടെ സമരം പ്രസക്തമാവുന്നത്..



## ARMED FORCES SPECIAL POWERS ACT, 1958...

വകുപ്പ് 4

" ഏതെങ്കിലും കമ്മീഷൻഡ് ഓഫീസർക്കോ,വാറന്റ് ഓഫീസർക്കോ അല്ലങ്കിൽ സേനയിലെസമാന റാങ്കിലുള്ള മറ്റേതെങ്കിലും ഓഫീസർക്കോ, പ്രശ്ന ബാധിത പ്രദേശത്ത് ക്രമസമാധാനപാലനത്തിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം, നിലവിലുള്ള ഏതെങ്കിലും നിയമത്തിനോ ഉത്തരവിനോ ഏതിരെ പ്രവർത്തിക്കുന്ന ഏതെങ്കിലും വ്യക്തിയ്ക്കെതിരെ വെടിവെയ്ക്കുന്നതിനോ ,വധിക്കുന്നതിനുപോലുമോ അധികാരമുണ്ടായിരിക്കുന്നതാണ്... "

S.4
Special Powers of the armed forces

Any commissioned officer, warrant officer, non-commissioned officer or any other person of equivalent rank in the armed forces may, in a disturbed area,—
(a) if he is of opinion that it is necessary so to do for the maintenance of public order, after giving such due warning as he may consider necessary, fire upon or otherwise use force, **even to the causing of death, against any person who is acting in contravention of any law or order for the time being in force in the disturbed** area prohibiting the assembly of five or more persons or the carrying of weapons or of things capable of being used as weapons or of fire-arms, ammunition or explosive substances;
(b) if he is of opinion that it is necessary so to do, destroy any arms dump, prepared or fortified position or shelter from which armed attacks are made or are likely to be made or are attempted to be made, or any structure used as a training camp for armed volunteers or utilised as a hide-out by armed gangs or absconders wanted for any offence;
(c) arrest, without warrant, any person who has committed a cognizable offence or against whom a reasonable suspicion exists ....

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at A-One Offset Prints Ramanattukara for Co-Operative Press Chungathara.